# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2025 ഏപ്രിൽ 3 | ദീപം 58 | നാളം 5 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org



അനിൽ ജെ. തയ്യിൽ



# ന്യായാസനങ്ങൾക്ക് കാലിടറുന്നുവോ?

ഹൈക്കോടതി ജഡ്ജിയുടെ വീട്ടിൽ കണ്ടെത്തിയത് 15 കോടിയിലേറെ രൂപയുടെ നോട്ടുകെട്ടുകൾ!

ഇന്ത്യയിലെ 146 കോടി ജനങ്ങളുടെ നെഞ്ചിലെ വിശ്വാസത്തിനും പ്രതീക്ഷകൾക്കുമാണ് ഇക്കഴിഞ്ഞ മാർച്ച് 14 ന് അർധരാത്രി തീപിടിച്ചത്. രാഷ്ട്രീയ സ്വാധീനത്തിന്റെ അതിപ്രസരണത്തിനുമുമ്പിൽ നീതിയുടെ വാതിൽ കൊട്ടിയടയ്ക്കപ്പെടുമ്പോൾ സാധാരണക്കാരന്റെ അവസാന ആശ്രയവും ആശ്വാസവുമായിരുന്ന കോടതികൾ അഴിമതിയുടെ അഴുക്കുചാലിൽ വീണു മലിനമാകുന്നത് വല്ലാത്ത ഒരു പകപ്പോടെയാണ് ഭാരതം നോക്കിക്കണ്ടത്.

2025 മാർച്ച് 14 രാത്രി 11. 35 നാണ് ഡൽഹി ഹൈക്കോടതിയിലെ രണ്ടാമനായ ജസ്റ്റിസ് യശ്വന്ത് വർമയുടെ വസതിയിൽ തീപ്പിടിത്തമുണ്ടാവുകയും വസതിയോടു ചേർന്നുള്ള സ്റ്റോർ റൂമിൽ കോടിക്കണക്കിനു രൂപയുടെ നോട്ടുകെട്ടുകളടങ്ങിയ ചാക്കുകൾ കത്തിക്കരിഞ്ഞ നിലയിൽ കാണപ്പെടുകയും ചെയ്തത്. രാജ്യത്തെ നടുക്കിയ ഈ സംഭവം പക്ഷേ, പുറത്തറിയുന്നത് 21-ാം തീയതിയാണ്. തീയണയ്ക്കാനെത്തിയ ഫയർഫോഴ്സ് ജീവനക്കാരാണ് നോട്ടുകെട്ടുകൾ കത്തിയെരിയുന്നതു കണ്ടത്. തുടർന്ന്, അവർ പൊലീസിൽ വിവരം അറിയിക്കുകയായിരുന്നു. സംഭവം നടക്കുമ്പോൾ യശ്വന്ത് വർമയും ഭാര്യയും വസതിയിൽ ഉണ്ടായിരുന്നില്ല. ഊഹത്തിന്റെയടിസ്ഥാനത്തിലുള്ള ആരോപണങ്ങൾമാത്രമാണ് തനിക്കെതിരേയുള്ളതെന്നും സംഭവത്തിന്റെ പിന്നിൽ ഗൂഢാലോചനയുണ്ടെന്നുമായിരുന്നു ജസ്റ്റിസ് വർമയുടെ പ്രതികരണം. ഇതുതന്നെയാണ് അദ്ദേഹം ഡൽഹി ഹൈക്കോടതി ചീഫ് ജസ്റ്റിസിനു നൽകിയ വിശദീകരണവും. അഗ്നിബാധയുണ്ടായായ മുറി താൻ സന്ദർശിക്കുമ്പോൾ അവിടെ നോട്ടുകെട്ടുകൾ സൂക്ഷിക്കുന്നതിന്റെ ലക്ഷണം ഉണ്ടായിരുന്നില്ലെന്നും ചാരംമാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നുമാണ് അദ്ദേഹം ചീഫ് ജസ്റ്റിസിനു മൊഴി നൽകിയത്. നോട്ടുകെട്ടുകൾ വ്യക്തമായി കാണുന്ന വീഡിയോയും ചിത്രങ്ങളും തെളിവായി കാണിച്ചു ചോദിച്ചപ്പോഴും ഗൂഢാലോചനയാണെന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

### സുപ്രീംകോടതി നടപടികൾ

ഡൽഹി ഹൈക്കോടതി ചീഫ് ജസ്റ്റിസ് ഡി കെ ഉപാധ്യായ സുപ്രീംകോടതി ചീഫ് ജസ്റ്റിസിനു നൽകിയ അന്വേഷണറിപ്പോർട്ടും കത്തിയെരിയുന്ന നോട്ടുകെട്ടുകളുടെ വീഡിയോയും ചിത്രങ്ങളും ശനിയാഴ്ച രാത്രി സുപ്രീംകോടതിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇങ്ങനെ ഒരു റിപ്പോർട്ട് സുപ്രീംകോടതി പ്രസിദ്ധീകരിക്കുന്നത്. ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആഭ്യന്തര അന്വേഷണം തുടർന്നുകൊണ്ടിരിക്കേ സുപ്രീംകോടതി കൊളീജിയം അസാധാരണയോഗം ചേർന്ന് ജസ്റ്റിസ് യശ്വന്ത് വർമയെ അലഹബാദ് ഹൈക്കോടതിയിലേക്കു സ്ഥലംമാറ്റാനുള്ള തീരുമാനമെടുത്തു. എന്നാൽ, അലഹബാദ് ഹൈക്കോടതി ചവറ്റുകുട്ടയല്ലെന്നു പ്രഖ്യാപിച്ചുകൊണ്ടും വിവാദജഡ്ജിയെ അങ്ങോട്ടേക്കു സ്ഥലം മാറ്റരുതെന്നും ആവശ്യപ്പെട്ട് അവിടുത്തെ ബാർ അസോസിയേഷൻ പണിമുടക്കാരംഭിച്ചു. ആരോപണത്തിൽ കഴമ്പുണ്ടെന്നും അന്വേഷണം ആവശ്യമാണെന്നുമുള്ള ഡൽഹി ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജസ്റ്റിസ് വർമയെ ജുഡീഷ്യൽ ജോലികളിൽനിന്നു മാറ്റിനിർത്താൻ സുപ്രീംകോടതി ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന നിർദേശിച്ചു. സംഭവമന്വേഷിക്കാൻ പഞ്ചാബ്-ഹരിയാന ഹൈക്കോടതി ചീഫ് ജസ്റ്റിസ് ഷീൽ നാഗു, ഹിമാചൽ പ്രദേശ് ഹൈക്കോടതി ചീഫ് ജസ്റ്റിസ് ജി.എസ്. സന്ധാവാലിയ, മലയാളിയും കർണാടക ഹൈക്കോടതി ജഡ്ജിയുമായ അനു ശിവരാമൻ എന്നിവരുൾപ്പെട്ട മൂന്നംഗസമിതിയെയും നിയമിച്ചു.

### ജസ്റ്റിസ് യശ്വന്ത് വർമ സംശുദ്ധനോ?

2014 ൽ അലഹബാദ് ഹൈക്കോടതിയിൽ അഡീഷണൽ ജഡ്ജിയായി ചുമതലയേറ്റു. ജസ്റ്റിസ് വർമ 2015 ൽ അവിടെ സ്ഥിരം ജഡ്ജിയാവുകയും 2021 ൽ ഡൽഹി ഹൈക്കോടതിയിൽ എത്തുകയും ചെയ്തു. വില്പനനികുതി, ജിഎസ്ടി, കമ്പനി അപ്പീലുകൾ തുടങ്ങിയ വിഷയങ്ങളാണ് ജസ്റ്റിസ് വർമ പരിഗണിച്ചിരുന്നത്. യു.പിയിലെ സിംഭോലി പഞ്ചസാര മില്ലിൽ ക്രമക്കേടു നടത്തി കോടികൾ തട്ടിയെടുത്ത കേസിൽ സ്ഥാപനത്തിന്റെ നോൺ എക്സിക്യൂട്ടീവ് ഡയറക്ടറായിരുന്ന യശ്വന്ത് വർമയുൾപ്പെടെയുള്ളവരെ പ്രതിചേർത്ത് 2018 ൽ സിബിഐ വഞ്ചനക്കേസ് രജിസ്റ്റർ ചെയ്തിരുന്നു. വ്യാജരേഖകൾ ഉപയോഗിച്ചു കോടികൾ വായ്പയെടുത്തതിന്റെ പേരിൽ ഓറിയന്റൽ ബാങ്ക് ഓഫ് കൊമേഴ്സ് ആയിരുന്നു പരാതി നൽകിയത്.

ലോക്സഭാ തിരഞ്ഞെടുപ്പിൽ കോൺഗ്രസിനു തിരിച്ചടിയായ ആദായനികുതി കേസിലുൾപ്പെടെ ഒട്ടേറെ വിവാദകേസുകളിൽ വിധി പറഞ്ഞയാളാണ് ജസ്റ്റിസ് വർമ. മെഡിക്കൽ കോളജിൽ 63 നവജാതശിശുക്കൾ ഓക്സിജൻ കിട്ടാതെ മരിച്ച കേസിലെ പ്രതിയായ ഡോക്ടർ കഫീൽ ഖാന് ജാമ്യം നൽകിയതും, പീഡനക്കേസിൽ ശിക്ഷിക്കപ്പെട്ട മുൻ ബിജെപി എംഎൽഎ കുൽദീപ് സെൻഗറിന് ജാമ്യം നൽകിയതും, ജാർഖണ്ഡ് മുഖ്യമന്ത്രിയായ ഷിബു സോറന് എതിരായ സിബിഐ അന്വേഷണം മരവിപ്പിച്ചതും ഇദ്ദേഹമായിരുന്നു.

### ദുരൂഹതകൾ

മാർച്ച് 14 ന് നടന്ന സംഭവം ഒരാഴ്ച കഴിഞ്ഞ് ഇരുപത്തിയൊന്നാം തീയതിയാണ് മാധ്യമങ്ങളിലൂടെ പുറംലോകമറിയുന്നത്. ഇതിനെത്തുടർന്ന് രാജ്യസഭയിൽ വിഷയം ചർച്ചയായപ്പോൾമാത്രമാണ് സുപ്രീംകോടതിയിൽനിന്ന് പ്രസ്താവനയുണ്ടാവുന്നത്.

▶ 5

# ഈ വഴികൾ രക്തപങ്കിലമാക്കിയതാര്?



റ്റോം ജോസ് തഴുവംകുന്ന്

പഠനത്തിനും തൊഴിലിനും ചികിത്സയ്ക്കുമൊക്കെയായി നാമെല്ലാം വിദേശത്തേക്കു പറക്കാൻ വെമ്പൽപൂണ്ടു നിൽക്കുകയാണ്. വിദേശരാജ്യങ്ങളെക്കുറിച്ചുപറയുമ്പോൾ നമുക്കു നൂറു നാവാണ്. അവിടുത്തെ നിയമങ്ങൾ കണ്ടുപഠിക്കണം, ശിക്ഷകൾ കർശനമാണ് തുടങ്ങി ധാരാളം വാഴ്ത്തുകൾ! ഒരു രാജ്യത്തിനാവശ്യമായ സാമൂഹികസുരക്ഷയും ജീവിതസൗകര്യങ്ങളും അവിടങ്ങളിൽ ആകർഷണീയമത്രേ!

എന്തേ ഇതൊന്നും നമ്മുടെ രാജ്യത്തു പ്രാബല്യത്തിലാകുന്നില്ല? എവിടെ നമ്മുടെ രാജ്യസ്നേഹവും പൗരബോധവും? വിദ്യാഭ്യാസത്തിനനുസരിച്ചുള്ള സംസ്കാരം ഇന്നു നമുക്കുണ്ടോ? വിദേശത്തു ചെന്നാൽ നിയമങ്ങൾ അനുസരിക്കണമെന്നതിനെക്കുറിച്ചുള്ള ശിക്ഷണവും ബോധനവും ഉണ്ട്; ഒപ്പം, അനുസരണക്കേടിന് കടുത്ത ശിക്ഷയുമുണ്ട്. ഇവിടെയോ? വളയം പിടിക്കാനും ആക്സിലറേറ്റർ ചവിട്ടാനും അറിയാമെങ്കിൽ ലൈസൻസ് ആയി! വാഹനമോടിക്കുമ്പോൾ എതിരേ വരുന്നവരും പിന്നാലെ വരുന്നവരും ഇരുവശങ്ങളിലൂടെ കടന്നുപോകുന്നവരും നമ്മെപ്പോലെ മനുഷ്യരും ജീവനു വിലയുള്ളവരുമാണെന്നു നാം കരുതാറുണ്ടോ? വിദേശികൾക്ക് അവരുടെ ദേശവും അവരുടെ സുരക്ഷയും ആയുസ്സും ആരോഗ്യവും പ്രധാനമാണെന്നിരിക്കേ നാമൊക്കെ അപകടമരണങ്ങളുടെ ബലിയാടുകളായി മാറുന്നു.

ജീവിതം ഹ്രസ്വമാണ്. അശ്രദ്ധമായി ജീവിച്ച് പിന്നെയും അതിനെ ഹ്രസ്വമാക്കണോ? ജീവൻ അമൂല്യമാണെന്നു പഠിപ്പിക്കുകയും തദ്വാരയുള്ള പ്രവർത്തനശൈലി സ്വന്തമാക്കുകയും ചെയ്യുന്നവരാണ് വിദേശികൾ. തൊണ്ണൂറ്റഞ്ചുകാരനും ചുറുചുറുക്കോടെയും കാര്യശേഷിയോടെയും ജീവിക്കുന്നത് വിദേശത്തു സാധാരണമാകുമ്പോൾ, നമ്മുടെ നാട്ടിൽ പ്രായഭേദമെന്യേ ദുരന്തമുഖത്തു സഞ്ചരിക്കുന്നവരാണ് അധികവും. രോഗങ്ങളും ദുരിതങ്ങളും ആത്മഹത്യകളും അക്രമങ്ങളും സ്വൈരജീവിതം തകർക്കുന്നു. എന്നിട്ട് നാടിന്റെ ഭാവി അപകടത്തിലാണെന്നു പറഞ്ഞു നാം 'ഉന്നതസമിതി'കൾ വിളിച്ച് അശാസ്ത്രീയത ചർച്ച ചെയ്യുന്നു. റോഡുപണിയെല്ലാം തീർത്ത് ഗതാഗതം സജീവമാകുന്നതുവരെ 'അശാസ്ത്രീയത' തിരിച്ചറിയാത്തതെന്ത്? നമ്മുടെ കൺമുന്നിൽ അപകടസാധ്യതയേറ്റുന്ന നിർമാണരീതികൾ കണ്ടിട്ടും എന്തേ നേതാക്കളും ജനപ്രതിനിധികളും മൗനംപാലിക്കുന്നത്? പൊതുജനാഭിപ്രായം വാചകമടിയിൽ ഒതുങ്ങും... ആർക്കുവേണം പൊതുജനത്തെയും അവരുടെ അഭിപ്രായങ്ങളെയും?



അശാസ്ത്രീയതയെക്കുറിച്ച് അസ്ഥാനത്തുള്ള വർത്തമാനങ്ങൾ സ്ഥിരം സംഭവമാകുന്ന ഒരു സ്റ്റേറ്റ് ഹൈവേയുടെ സമീപം താമസിക്കുന്ന ഒരാളാണ് ഈ കുറിപ്പെഴുതുന്നത്. മൂവാറ്റുപുഴ - തേനി ഹൈവേയുടെ മൂവാറ്റുപുഴ മുതൽ പെരുമാകണ്ടം വരെയുള്ള പതിനഞ്ചു കിലോമീറ്റർ ഏകദേശം പണിപൂർത്തിയായ അവസ്ഥയിലാണെന്നാണ് പറഞ്ഞുകേൾക്കുന്നത്. മുഴുനീള അശാസ്ത്രീയത ഈ റോഡിന്റെ പ്രത്യേകതയാണെന്ന് എല്ലാവരും പറയുന്നു. ഒപ്പം, നിരന്തര അപകടങ്ങളും. റോഡിന്റെ ദൂരക്കുറവും സഞ്ചാരസുഖവും കാരണം വാഹനങ്ങളുടെ തിരക്കുണ്ട്. വളരെ വീതിയിൽ റോഡുവന്നിട്ട് ഇടുങ്ങിയ കലുങ്കും ചെറുപാലങ്ങളും! രാത്രിയാത്രക്കാർക്ക് വലിയ പ്രശ്നംതന്നെ; വളവുകൾക്കു കുറവില്ല; കയറ്റങ്ങൾക്കും! കയറ്റങ്ങളുടെ ഉച്ചിയിൽ എത്തുമ്പോൾമാത്രമാണ് എതിരേ വരുന്ന വാഹനങ്ങളെ കാണാനാകുന്നത്. ഹൈവേയിലേക്കു വന്നുകയറുന്ന ശാഖാറോഡുകൾക്കു വീതിയില്ല; വേണ്ടത്ര സുരക്ഷിതത്വവുമില്ല. മുഴുദൂരവും ക്രമമായ അകലത്തിൽ വഴിവിളക്കു സ്ഥാപിക്കേണ്ടതാണ്; എന്നാൽ, ഈ റോഡിൽ കാണാനാകുന്നത് വഴിവിളക്കിന്റെ ടൗൺഷിപ്പ് ആണ്. അതായത്, വഴിവിളക്കുള്ളിടത്ത് അടുത്തടുത്തുണ്ട്. അല്ലാത്തിടം ഇരുട്ടിന്റെ ഇടങ്ങളും. ഗ്രാമീണാന്തരീക്ഷത്തിലൂടെ കടന്നുപോകുന്ന ഈ റോഡിന്റെ അശാസ്ത്രീയതയ്ക്ക് ആരാണ് ഉത്തരം പറയുക? പൊതുജനത്തിന്റെ അഭിപ്രായത്തിനു വിലയില്ലല്ലോ? ജനപ്രതിനിധികളും പൊതുപ്രവർത്തകരും യഥാസമയം ശ്രദ്ധിക്കാത്തതിന് അശാസ്ത്രീയതയെ കുറ്റംപറഞ്ഞിട്ടു കാര്യമുണ്ടോ?

ഡ്രൈവിങ്ങിൽ ടെക്നോളജിയെ ആശ്രയിക്കുന്നതിൽ കൂടുതൽ 'മനുഷ്യോളജി' ചിന്തയിലുണ്ടാകണം. ജീവന്റെ വില തിരിച്ചറിയാനാവണം. മനുഷ്യരുണ്ടെങ്കിലേ വാഹനവും നിരത്തുമൊക്കെ വിലപ്പെട്ടതാകൂ! താത്കാലിക ലൈസൻസ്റദ്ദാക്കൽപോലുള്ള നിസ്സാരശിക്ഷകൾ, മനുഷ്യജീവന്റെ വിലയും അമൂല്യതയും കണക്കാക്കി പുനഃപരിശോധിക്കണം. വിദേശത്തെ നിയമവാഴ്ചയും ശിക്ഷാരീതിയുമൊക്കെ പൗരബോധമുള്ള ജനതയുടെ ബാക്കിപത്രമാണെന്നറിയണം. ആരെയും വകവയ്ക്കാതെയുള്ള നമ്മുടെ ഡ്രൈവിങ് വിചിന്തനത്തിനു വിധേയമാക്കണം. മര്യാദയില്ലാത്ത ഓവർ ടേക്കിങ്ങും ഇടതുവശത്തുകൂടിയുള്ള നുഴഞ്ഞുകയറ്റവുമെക്കെ നിരത്തുകളിൽ കാണാം. വാഹനത്തിന്റെ വേഗമാണ് ഡ്രൈവറുടെ 'മെരിറ്റ്' എന്ന് ചിലരെങ്കിലും തെറ്റിദ്ധരിക്കുന്നു. വാഹനം അത്യന്താധുനികമാണ്; അതുകൊണ്ട് അപകടം പേടിക്കേണ്ടതില്ലെന്ന ചിന്ത പാടില്ല; ഒട്ടും ആധുനികമല്ലാത്തവർക്കും യാത്ര ചെയ്യണമല്ലോ. മറ്റുള്ളവരെ മാനിക്കാനുള്ള ഒരു മാനസികാവസ്ഥ നാം സ്വന്തമാക്കണം. വിവേകവും പക്വതയും ഡ്രൈവിങ്ങിന്റെ അടിസ്ഥാനമാണ്; നാമെങ്ങോട്ടാണ് ഇത്ര മത്സരവേഗത്തിൽ പോകുന്നതെന്നു ചിന്തിക്കണം. യുവത്വത്തിന്റെ തിളപ്പും വാഹനത്തിന്റെ കുതിപ്പും കാര്യങ്ങൾ വഷളാക്കുന്നു.

വാഹനങ്ങളിൽ എഴുതിവച്ചിരിക്കുന്ന ചില വാചകങ്ങൾ നോക്കൂ! ഇവയ്ക്ക് വാഹനവുമായി വരുന്നവരുടെ മനോനിലയുമായി ബന്ധമുണ്ടോ? ഉദാഹരണത്തിന്, ഒരു വാഹനത്തിന്റെ മുൻവശത്ത് 'ഹാഫ്‌ലോയൽ ഹാഫ്‌വയലൻസ്' എന്നെഴുതിയിരിക്കുന്നു. പിന്നെ 'ഡെവിൾ ഓഫ് മൈവേൾഡ്' 'നോ സൈലൻസ് ഒൺലി വയലൻസ്' തുടങ്ങി നിരവധിയായ നെഗറ്റീവ് എഴുത്തുകൾ യുവാക്കളിൽ ചിലരുടെയെങ്കിലും വാഹനങ്ങളിൽ കാണാം... ഇതു പക്വമായ ചിന്തയും എഴുത്തുമാണോ? വാഹനത്തിന്റെ നിരത്തിലെ പെർഫോമെൻസും ഇത്തരം കാര്യങ്ങളുമായി ബന്ധമുണ്ടോ? ഒപ്പം, ലഹരിയുടെ അകമ്പടിയുമുണ്ടോ? നമ്മുടെ മനസ്സിന്റെ നിയമസംഹിതയാണ് തിരുത്തിയെഴുതേണ്ടത്. അപകടമുണ്ടാക്കാതെ വാഹനമോടിക്കുകയും അതിനായി മറ്റുള്ളവരെ സഹായിക്കുകയും വേണം. നമ്മിലാരാണ് രാത്രിസമയങ്ങളിൽ വാഹനത്തിന്റെ ഹെഡ്‌ലൈറ്റുകൾ ഡിം ചെയ്ത് പരസ്പരം ഗതാഗതം സുഗമമാക്കാൻ സഹകരിക്കുന്നത്? രാത്രികാലങ്ങളിലും അസമയത്തും ഉറക്കക്ഷീണം പ്രശ്നമാകുമ്പോൾ ദീർഘദൂര ഡ്രൈവിങ് ഒഴിവാക്കരുതോ? ജീവനും ജീവിതവും അമൂല്യമാണെന്ന ചിന്ത ആദ്യം ഉണ്ടാകണം.

നിരത്തുകളിലെ കട്ടിങ്ങും ഗട്ടറുകളും വീതിയില്ലായ്മയും ദുരന്തമുഖമുള്ള വളവുകളും ഇറക്കങ്ങളും പാലങ്ങളും അപകടത്തിനുമുമ്പേ ഉന്നതതലസമിതികൾ പഠനം നടത്തി പരിഹരിക്കണം. വഴിയിലെ പരസ്യബോർഡുകൾ ഇല്ലാതാകണം; കാഴ്ചയെ മറയ്ക്കുന്ന മരങ്ങളും മറ്റു തടസ്സങ്ങളും മാറണം. ട്രാഫിക് സിഗ്നലുകൾ നവീകരിച്ച് കാഴ്ചയിലേക്കെത്തിക്കണം. വഴിനീളെ ജീവന്റെ വിലയെക്കുറിച്ചുള്ള ബോധവത്കരണവാക്യങ്ങൾ എഴുതിവയ്ക്കണം; വിപത്തുകളെക്കുറിച്ചു വീണ്ടുവിചാരമുണ്ടാകണം. നവമാധ്യമങ്ങളിൽനിന്നു തലയുയർത്തി പത്രവായന യുവാക്കൾ ശീലമാക്കണം; പൊതുവിജ്ഞാനം വർധിപ്പിക്കണം; സമൂഹത്തിന്റെ ചലനം ഇന്നത്തെ തലമുറ യഥാവിധി തിരിച്ചറിയണം. 'ആയിരം പേരെ ആയിരം യുദ്ധങ്ങളിൽ ജയിക്കുന്നതിനേക്കാൾ സ്വയം ജയിക്കുന്നതാണ് ജയമെന്നു' നാമറിയണം. ■




## സ്വർഗം കവർന്ന പരിവ്രാജിക

*സിസ്റ്റർ ജെസിറ്റ് എസ്.ഡി. യുടെ ജീവിതവും കുറിപ്പുകളും*

**ഗ്രന്ഥകർത്താ:** ബിജു മഠത്തിക്കുന്നേൽ
**പ്രസാധനം** : ജീവൻ ബുക്സ്, ഭരണങ്ങാനം
**വിതരണം** : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
**വില** : ₹ 380




അകാലത്തിൽ ഈ ലോകത്തോടു വിടപറഞ്ഞ പുണ്യചരിതയായ സിസ്റ്റർ ജെസിറ്റിന്റെ ആത്മീയ ജീവിതത്തിന്റെ ഹൃദയസ്പർശിയായ ആവിഷ്കാരം. സിസ്റ്ററിന്റെതന്നെ ആത്മാവിഷ്കാരമായ ഡയറിക്കുറിപ്പുകളും സഹസന്ന്യാസിനികളുടെ ഓർമക്കുറിപ്പുകളും ഗ്രന്ഥത്തിനു പരഭാഗശോഭയണയ്ക്കുന്നു. ഹൃദ്യമായ അവതരണം.

## ഉത്പത്തിചരിതം

**ഗ്രന്ഥകർത്താ:** ഫാ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ
**പ്രസാധനം** : കേരള കാത്തലിക് ബൈബിൾ സൊസൈറ്റി
**വിതരണം** : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
**വില** : ₹ 160




ബൈബിൾ ഉത്പത്തിപ്പുസ്തകത്തെക്കുറിച്ചുള്ള ലഘുപഠനവും മനനവും. സാധാരണവിശ്വാസികളുടെ പല സംശയങ്ങൾക്കും ഗ്രന്ഥം മറുപടിയേകുന്നു. വിശ്വാസത്തിൽ ആഴപ്പെടുന്നതിനും ആത്മീയതയിൽ വളരുന്നതിനും സഹായകമായ ഒരു ഉത്തമ ഗ്രന്ഥം.

# നിഖ്യാവിശ്വാസപ്രമാണത്തിന്റെ പശ്ചാത്തലം

നിഖ്യാസൂനഹദോസിന്റെ 1700-ാം വർഷം പ്രമാണിച്ച് നിഖ്യാസൂനഹദോസിനെയും നിഖ്യാവിശ്വാസപ്രമാണത്തെയുംകുറിച്ചുള്ള ഒരു പഠനപരമ്പര

10



ഫാ. ഡോ. ജെയിംസ് പുലിയുറുമ്പിൽ

അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണം ആരംഭിക്കുന്നത് 'ഞാൻ വിശ്വസിക്കുന്നു' എന്നും നിഖ്യാ-കോൺസ്റ്റാന്റിനോപ്പോൾ വിശ്വാസപ്രമാണം ആരംഭിക്കുന്നത് 'ഞങ്ങൾ വിശ്വസിക്കുന്നു' എന്നുമാണ്. മിശിഹായിലുള്ള വിശ്വാസത്തിന്റെ പരസ്പരപൂരകങ്ങളായ രണ്ടു മാനങ്ങളാണ് ഇവിടെ വ്യക്തമാകുന്നത്. വിശ്വാസം എന്നത്, മനുഷ്യന് ദൈവത്തോടുള്ള വ്യക്തിപരമായ അടുപ്പമാണ്. ദൈവത്തിന്റെ വ്യക്തിപരമായ സ്നേഹക്ഷണത്തിനു മനുഷ്യനു നൽകാവുന്ന ഏറ്റവും നല്ല മറുപടിയാണ് 'ഞാൻ വിശ്വസിക്കുന്നു' എന്നത്. വിശ്വസിക്കുക എന്നത് വ്യക്തിപരമായ ഒരു പ്രവൃത്തിയാണെങ്കിലും അത് ഒറ്റപ്പെട്ട ഒരു പ്രവൃത്തിയല്ല. വ്യക്തിപരമായി വിശ്വസിക്കുന്നതോടൊപ്പം അപരന്റെ വിശ്വാസത്തെയും നമ്മൾ വളർത്തുന്നു. 'ഞാൻ വിശ്വസിക്കുന്നു' എന്ന് ഏറ്റുപറഞ്ഞ് സഭയിൽ അംഗമാകുന്ന ഒരാൾ സഭയോടൊത്തു വളരുന്നത് 'ഞങ്ങൾ വിശ്വസിക്കുന്നു' എന്നു പറഞ്ഞുകൊണ്ടാണ്. 'ഞാൻ വിശ്വസിക്കുന്നു' എന്ന പ്രഖ്യാപനം ഓരോ വിശ്വാസിയും വ്യക്തിപരമായി, പ്രത്യേകിച്ച് മാമ്മോദീസാ വേളയിൽ, ഏറ്റുപറയുന്ന സഭയുടെ വിശ്വാസമാണ്. ഞങ്ങൾ വിശ്വസിക്കുന്നു എന്ന പ്രഖ്യാപനം സൂനഹദോസിൽ ഒരുമിച്ചുകൂടുന്ന മെത്രാന്മാരും വിശ്വാസികളുടെ പൊതുവായ ആരാധനാസമ്മേളനവും ഏറ്റുപറയുന്ന സഭയുടെ വിശ്വാസമാണ് (*കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം*, പി.ഒ.സി. 2011 പേജ് 167).

പ്രാർഥനയുടെ നിയമമാണ് വിശ്വാസത്തിന്റെ നിയമം *(lex orandi lex credendi)* എന്ന ദൈവശാസ്ത്ര ആപ്തവാക്യം രൂപപ്പെട്ടത് എ.ഡി. 5-ാം നൂറ്റാണ്ടിലാണ്. ആദിമകാലങ്ങളിൽ 'ഞാൻ വിശ്വസിക്കുന്നു' എന്നത് വിശ്വാസപ്രഘോഷണത്തോടൊപ്പം ഒരു പ്രാർഥനയുമായിരുന്നു. ഇത് ആദിമസഭയുടെ ജീവിതശൈലിയായിരുന്നു. ഹൃദയത്തിൽ വിശ്വസിക്കുന്നതാണ് ഒരുവന്റെ പ്രാർഥനയായിത്തീരുന്നത്. വിശ്വാസപ്രമാണത്തിന്റെ ഓരോ ഉരുവിടലും ഹൃദയത്തിന്റെ നിറവിൽനിന്നുയരുന്ന പ്രാർഥനയാണ്.

ക്രൈസ്തവജീവിതം ക്രിസ്തുവിലുള്ള ജീവിതമാണ്; ഈശോയോടു ചേർന്നുള്ള ജീവിതമാണ്. ഇത് ഒരു ആത്മീയബന്ധമാണ്. എങ്കിൽ ആത്മീയ വളർച്ച യഥാർഥ ക്രൈസ്തവജീവിതം ലക്ഷ്യംവയ്ക്കുന്നു. ക്രിസ്തുവിലുള്ള അടിയുറച്ച വിശ്വാസമാണ് ഇതിന് ആധാരം. യോഹന്നാൻ 14:1 ൽ നാം കാണുന്നു: "നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട, ദൈവത്തിൽ വിശ്വസിക്കുവിൻ, എന്നിലും വിശ്വസിക്കുവിൻ." ഹെബ്രായർക്കുള്ള ലേഖനത്തിൽ 11-ാം അധ്യായത്തിൽ പൂർവികരുടെ വിശ്വാസത്തെപ്പറ്റി പറയുന്നു: "വിശ്വാസം എന്നത് പ്രത്യാശിക്കുന്നവ ലഭിക്കും എന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ്..." (ഹെബ്രാ. 11:1). തുടർന്നു നാം വായിക്കുന്നു, ആബേൽ നീതിമാനായി അംഗീകരിക്കപ്പെട്ടതിന്റെ കാരണം വിശ്വാസമാണ് എന്ന്. വിശ്വാസംമൂലം ആബേൽ ഏറ്റവും ശ്രേഷ്ഠമായ ബലി ദൈവത്തിനർപ്പിച്ചു. അവന്റെ ബലിയെക്കുറിച്ച് ദൈവംതന്നെ സാക്ഷ്യപ്പെടുത്തുന്നു. അവൻ മരിച്ചെങ്കിലും വിശ്വാസത്തിലൂടെ ഇന്നും നമ്മോടു സംസാരിക്കുന്നു. ഒന്നൊന്നായി ഹേനോക്ക് മരണം കൂടാതെ സംവഹിക്കപ്പെട്ടത് വിശ്വാസംമൂലമാണ്. ദൈവത്തെ തന്റെ വിശ്വാസംവഴി പ്രസാദിപ്പിച്ചതാണ് ഇതിനു കാരണം. അതിനാൽ, ദൈവത്തെ പ്രസാദിപ്പിക്കാനുള്ള മാർഗമാണ് വിശ്വാസം. വിശ്വാസംമൂലമാണ് നോഹിന് ലോകത്തെ കുറ്റം വിധിക്കാനും വിശ്വാസത്തിൽനിന്നുളവാകുന്ന നീതിയുടെ അവകാശിയാകാനും സാധിച്ചത്. അനുസരണത്തിലേക്കു നയിക്കുന്ന അബ്രാഹത്തിന്റെ വിശ്വാസം തുടർന്നു നാം കാണുന്നു. മൂശയുടെ വിശ്വാസവും ഏറ്റവും ശ്ലാഘനീയമാണ്. വിശ്വാസംമൂലം ഇവരെല്ലാം ദൈവത്താൽ അംഗീകരിക്കപ്പെട്ടവരായിത്തീർന്നു.

വിശ്വാസം പ്രവൃത്തികളിലൂടെയാണു പ്രകടമാകുന്നത്. നമ്മുടെ അനുഷ്ഠാനങ്ങളും ആചാരങ്ങളുമെല്ലാം നമ്മെ അതിനു സഹായിക്കുന്നവയാണ്. എന്നാൽ, പലപ്പോഴും നാം നമ്മെ ദൈവത്തിലേക്ക് അടുപ്പിക്കേണ്ട മാർഗങ്ങളിൽമാത്രം ഒതുങ്ങിനിൽക്കുകയാണ്; ലക്ഷ്യത്തിൽ എത്താതെ നാം വഴികളിൽത്തന്നെ കഴിയുന്നു. ക്രൈസ്തവജീവിതം ചിലപ്പോഴെല്ലാം അനുഷ്ഠാനങ്ങളായി മാത്രം അധഃപതിക്കാറുണ്ട്; ഭക്തിവർധകമാർഗങ്ങളായി ചുരുങ്ങാറുണ്ട്. എന്നാൽ, വിശ്വാസത്തിലാണ് നാം വളരേണ്ടത്; അതിലാണ് നാം ഉത്തരോത്തരം പുരോഗതി പ്രാപിക്കേണ്ടത്. കൂദാശാസ്വീകരണവും മറ്റ് ഭക്ത്യഭ്യാസങ്ങളും പലപ്പോഴും യാന്ത്രികമായി നാം നടത്തുന്നു. എന്നാൽ, ഇവിടെയെല്ലാം അടിസ്ഥാനമാകേണ്ട ദൈവവിശ്വാസത്തിൽ നാം വളരുന്നുണ്ടോ എന്നാണു ശ്രദ്ധിക്കേണ്ടത്. ഇവിടെയാണ് വിശ്വാസപ്രമാണത്തിന്റെ പ്രാധാന്യം. നാം വിശ്വസിക്കേണ്ടതും വിശ്വസിക്കേണ്ടവിധവും അതിന്റെ ആവശ്യകതയും വിശ്വാസപ്രമാണത്തിൽ കാണാം. വി. അഗസ്റ്റിൻ പറയുന്നു: നിന്റെ വിശ്വാസപ്രമാണം നിനക്ക് ഒരു കണ്ണാടിപോലെ ആയിരിക്കട്ടെ. നീ വിശ്വസിക്കുന്നു എന്ന് നീ ഏറ്റുപറയുന്ന എല്ലാം നീ വിശ്വസിക്കുന്നുണ്ടോ എന്നു കാണാൻ നീ നിന്നെത്തന്നെ അതിൽ നോക്കിക്കാണുക. ഓരോ ദിവസവും നിന്റെ വിശ്വാസത്തിൽ നീ സന്തോഷിക്കുകയും ചെയ്യുക (St. Augustine, *Sermo LVIII*, PL XXXVIII, 399).



### വിശ്വാസപ്രമാണം: ആരിയൂസിന് കൗൺസിൽ കൊടുത്ത മറുപടി

കൗൺസിലിൽ വന്ന ആരിയൂസ് തന്റെ പഠനങ്ങളിൽ ഉറച്ചുനിന്നു. പതിനേഴുപേർ അദ്ദേഹത്തിന്റെ പക്ഷത്തുണ്ടായിരുന്നു. അവരിൽ പ്രമുഖൻ നിക്കോമേദിയായിലെ മെത്രാനായിരുന്ന എവുസേബിയൂസ് ആയിരുന്നു. വളരെ നീണ്ട ചർച്ചകളും വാഗ്വാദങ്ങളും നടന്നു. ആരിയൂസിനെ എതിർത്തവരിൽ പ്രമുഖർ അൻസീറാ (ഇപ്പോഴത്തെ അങ്കാറ)യിലെ മാർസേലൂസ് മെത്രാനായിരുന്നു. അദ്ദേഹത്തെ എതിർത്ത മറ്റുള്ളവർ അന്ത്യോക്യയിലെ മെത്രാൻ എവുത്താത്തിയൂസ്, അലക്സാണ്ട്രിയായിലെ ഡീക്കൻ അത്തനേഷ്യസ്, ചെസറിയായിലെ എവുസേബിയൂസ് എന്നിവരായിരുന്നു. ചെസറിയായിലെ എവുസേബിയൂസാണ് ആരിയൂസിനുള്ള ഉത്തരം കൃത്യമായി വിശ്വാസപ്രമാണത്തിന്റെ രീതിയിൽ എഴുതി ഉണ്ടാക്കി അവതരിപ്പിച്ചത്. 'പുത്രൻ പിതാവിനെക്കാൾ താഴെയല്ല' എന്ന് അതിൽ കൃത്യമായി അദ്ദേഹം സ്ഥാപിച്ചു. പുത്രന് പിതാവിന്റെതന്നെ 'സത്ത'യാണെന്നും സ്ഥാപിച്ചു. അവിടുന്ന് ദൈവത്തിൽനിന്നുള്ള ദൈവവും, പ്രകാശത്തിന്റെ പ്രകാശവും, യഥാർത്ഥ ദൈവവും ജനിച്ചവനും എന്നാൽ, സൃഷ്ടിക്കപ്പെടാത്തവനുമാണെന്ന് എവുസേബിയൂസ് വാദിച്ചു. പിതാവിന്റെ സത്തതന്നെയാണ് പുത്രന് (homo ousios) എന്ന് സംശയലേശമെന്യേ സ്ഥാപിച്ചു. തുടർന്ന് ആരിയൂസിന്റെ പഠനങ്ങളെ ശപിച്ചു പുറംതള്ളി. നിഖ്യാവിശ്വാസപ്രമാണം എന്നു വിളിക്കുന്ന സഭയുടെ ഔദ്യോഗികപഠനം 325 ജൂൺ 19 നാണ് അംഗീകരിച്ചത്. കൗൺസിലിൽ പങ്കെടുത്ത രണ്ടുപേർമാത്രമാണ് ഇത് അംഗീകരിക്കാതിരുന്നത്. അവരെയും ആരിയൂസിനോടൊപ്പം പുറത്താക്കി; ആരിയൂസിന്റെ പഠനങ്ങൾ കത്തിച്ചുകളഞ്ഞു. തുടർന്ന് കോൺസ്റ്റന്റൈൻ ചക്രവർത്തി നിഖ്യാവിശ്വാസപ്രമാണത്തെ രാജ്യത്തിന്റെ ഔദ്യോഗികനിയമമായി പ്രഖ്യാപിച്ചു നടപ്പാക്കി.

'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും' നാമത്തിൽ മാമ്മോദീസാ സ്വീകരിച്ചവരാണ് ആദ്യകാലങ്ങളിൽ സഭയിൽ അംഗങ്ങളായിക്കൊണ്ടിരുന്നത്. ഈ സഭയുടെ നാഥൻ (kyrios) ക്രിസ്തു എന്ന ചരിത്രവ്യക്തിയാണെന്നും, എന്നാൽ അതേസമയം, ദൈവത്തിന്റെ അടുത്ത് ആയിരിക്കുന്നവനാണെന്നും (set by the side of God) ആദിമക്രിസ്ത്യാനികൾ വിശ്വസിച്ചിരുന്നു. എന്നാൽ, രണ്ടാം നൂറ്റാണ്ടുമുതൽ ഈ ക്രിസ്തുവിനെക്കുറിച്ച് കൂടുതൽ ചിന്തിക്കാനും പ്രസംഗിക്കാനും തുടങ്ങി.

ഈ ക്രിസ്തു ആരാണ്? പിതാവിന്റെതന്നെ ഭാഗമാണോ? പിതാവിൽനിന്നു വ്യത്യസ്തനാണോ? ത്രിത്വത്തിലെ മൂന്നുപേർ എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു? അവരെ വ്യത്യസ്തരാക്കുന്നത് എന്താണ്? ക്രിസ്തുവിന് ദൈവസ്വഭാവവും മനുഷ്യസ്വഭാവവുമുണ്ടോ? ദൈവസ്വഭാവവും മനുഷ്യസ്വഭാവവുമുണ്ടെങ്കിൽ അവയ്ക്കു തുല്യമായ വ്യക്തിത്വങ്ങളുണ്ടോ? ഗ്രീക്ക് തത്ത്വചിന്ത പഠിപ്പിക്കുന്ന വചന (Logos)ത്തിന് ലോകത്തിന്റെ സ്രഷ്ടാവിൽനിന്നുള്ള വ്യത്യാസമെന്താണ്? ക്രിസ്തുവിന്റെ സ്ഥാനം ദൈവത്തോടു ചേർന്നാണോ? ഇതിന് ഉത്തരമായി സബേല്ലിയൂസ് പറഞ്ഞു: 'പിതാവും പുത്രനും പരിശുദ്ധാത്മാവും ദൈവത്തിന്റെ മൂന്നു രൂപങ്ങളാണ്' (modes, manifestations). ആരിയൂസ് എന്ന വൈദികൻ, ഈ കാലത്ത് തന്റെ ഗുരുവായ അന്ത്യോക്യായിലെ ലൂഷ്യന്റെ ആശയത്തോടു യോജിച്ചുകൊണ്ട് വളരെ വ്യത്യസ്തമായ കാഴ്ചപ്പാട് വ്യക്തമാക്കി. അതാണ് പിന്നീട് ആര്യനിസം എന്ന പേരിൽ അറിയപ്പെട്ട് പാഷണ്ഡത ആയിത്തീർന്നത്. ഇങ്ങനെയുള്ള ചിന്തകളും അവയ്ക്കു നൽകപ്പെട്ട ഉത്തരങ്ങളും ആദ്യകാലസഭയിൽ ദൈവശാസ്ത്രത്തിനു തുടക്കമിട്ടു. ഇത്തരം ദൈവശാസ്ത്രചിന്തകളാണ് വിശ്വാസപ്രമാണമായി കാലക്രമത്തിൽ രൂപപ്പെടുന്നത്.

നിഖ്യായിൽ സത്യവിശ്വാസത്തിന്റെ രത്നച്ചുരുക്കം രൂപീകൃതമായി. സത്യവിശ്വാസത്തിനെതിരേ ആഞ്ഞടിക്കുന്ന ഏതു കൊടുങ്കാറ്റിനെതിരേയും നിതാന്തജാഗ്രതപുലർത്തേണ്ടത് സഭാധികാരികളുടെ ഉത്തരവാദിത്വമാണ്. 'സത്യവിശ്വാസത്തിനു ഭംഗം ഉണ്ടാകാൻ പാടില്ല' എന്നും 'സത്യവിശ്വാസത്തിൽ മായം ചേർക്കാൻ അനുവദിക്കരുത്' എന്നുമുള്ള ചിന്ത പിതാക്കന്മാരെ ഭരിച്ചിരുന്നതിനാൽ അവർ ഒത്തുതീർപ്പുകൾക്കൊന്നും സന്നദ്ധരായിരുന്നില്ല. ഇന്നു നാം പ്രാർഥിക്കുന്ന നിഖ്യാവിശ്വാസപ്രമാണം സഭയുടെ അടിസ്ഥാന വിശ്വാസങ്ങൾ ഉൾക്കൊള്ളുന്ന ഒരു പ്രാർഥനതന്നെയാണ്. അതിന്റെ ദൈവശാസ്ത്രപരമായ ആഴങ്ങളിലേക്കു നാം പലപ്പോഴും കടന്നുചെല്ലാറില്ല, ചിന്തിക്കാറുമില്ല. ആദ്യനൂറ്റാണ്ടുകളിൽ ഒരാൾ മാമ്മോദീസാ സ്വീകരിക്കുന്നതിനുമുമ്പ് സഭയുടെ വിശ്വാസം ഏറ്റുപറയണമായിരുന്നു. തുടർന്ന് അതനുസരിച്ചുള്ള ജീവിതവും. ഈ വിശ്വാസപ്രമാണത്തിലെ പല കാര്യങ്ങളുമായിരുന്നു അന്ന് അവർ ഏറ്റുപറഞ്ഞിരുന്നത്; ഇന്നത്തെ രൂപത്തിലും ഭാവത്തിലും അല്ലായിരുന്നുവെന്നുമാത്രം. സർവശക്തനായ ദൈവപിതാവിലും രക്ഷിക്കുന്നവനായ പുത്രൻതമ്പുരാനിലും സംരക്ഷിക്കുന്നവനായ പരിശുദ്ധാരൂപിയിലുമുള്ള വിശ്വാസമായിരുന്നു അന്നവർ ഏറ്റുപറഞ്ഞിരുന്നത്. പിന്നീട് പല കാലഘട്ടങ്ങളിലൂടെ കടന്നുവന്നതാണ് ഇന്നത്തെ രൂപത്തിലുള്ള വിശ്വാസപ്രമാണം.

ഇതിന്റെ അടിസ്ഥാനമായി നിലകൊള്ളുന്നത് ആരിയൂസിനു സഭ കൊടുത്ത മറുപടിയാണ്. ആരിയൂസിന്റെ തെറ്റായ ആശയങ്ങളെ ഇവിടെ തിരുത്തി സഭയുടെ ഔദ്യോഗികപഠനം വ്യക്തമാക്കുന്നു. സഭയുടെ വിശ്വാസസംബന്ധമായ എല്ലാ അടിസ്ഥാനകാര്യങ്ങളും ഇതിൽ കാണില്ല; കാരണം, നാലാം നൂറ്റാണ്ടിന്റെ, മതപീഡനം കഴിഞ്ഞുള്ള തൊട്ടടുത്ത കാലത്തിന്റെ പശ്ചാത്തലത്തിൽ വേണം ഇതിനെ കാണാൻ. ദൈവശാസ്ത്രവിശകലനം, വളർച്ച എല്ലാം പിന്നീടാണ് ഉണ്ടാകുന്നത്.

*(തുടരും)*

# ജീവിതം കർമസുരഭിലമാക്കിയ പുരോഹിതശ്രേഷ്ഠൻ

■ ഷോബിൻ ഈരൂരിക്കൽ

**കി**ഴക്കുദിച്ച ഒരു വെള്ളിന ക്ഷത്രം ഇന്ന് നമ്മുടെ മധ്യേയുണ്ട്: ഫാ. തോമസ് ഓലിക്കൽ. വരുംതലമുറയ്ക്കു സത്കർമത്തിനു പ്രേരണ നൽകുന്ന മാർഗദർശകമായ ചരിത്രപാഠമാണ് ഓലിക്കലച്ചന്റെ കർമനിരതമായ ഇടയശുശ്രൂഷ എന്ന് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് എടുത്തുപറഞ്ഞിട്ടുണ്ട്. ബഹുമുഖമായ കർമപാതകളാണ് ഓലിക്കലച്ചന്റെ പൗരോഹിത്യശുശ്രൂഷയെ ചേതോഹരമാക്കിയത്.

ലോകപ്രശസ്തമായ അരുവിത്തുറ വല്യച്ചൻമല, അറക്കുളം തുമ്പച്ചി കുരിശുമല, തുടങ്ങനാട് കുഞ്ഞച്ചൻമല, കൊഴുവനാൽ നെപുംകുരിശുമല, പ്ലാശനാൽ അന്തോണി കത്തനാർ മാർഗ്ഗ് തുടങ്ങിയ കുരിശുമലകൾക്കു രൂപം നൽകി ഈശോയുടെ പീഡാനുഭവസ്മരണകളിൽ പങ്കാളികളാകുവാൻ ഓലിക്കലച്ചൻ നമുക്ക് അവസരം ഒരുക്കിത്തന്നു.

ആത്മീയചൈതന്യം നിറഞ്ഞുനിൽക്കുന്ന, പറഞ്ഞറിയിക്കാനാവാത്ത ഒരു 'ആത്മീയ വൈബാണ്' ഓലിക്കലച്ചന്റെ നേതൃത്വത്തിൽ നിർമിച്ച കുരിശുമലകൾ! അച്ചൻ ശുശ്രൂഷ ചെയ്തിട്ടുള്ള ഇടവകകളിൽ ആധ്യാത്മികമായ ആവശ്യങ്ങൾ മാത്രമല്ല, ഇടവകാംഗങ്ങളുടെ മാനുഷികമായ ആവശ്യങ്ങളും പരമാവധി നിറവേറ്റുവാൻ അച്ചൻ ശ്രമിച്ചിട്ടുണ്ട്. രോഗികളോടും ദരിദ്രരോടുമുള്ള അനുകമ്പ ഓലിക്കലച്ചന്റെ മുഖമുദ്രയാണ്. അച്ചൻ ശുശ്രൂഷ ചെയ്തിരുന്ന ഇടവകകളിലെ ഭവനരഹിതരായ കുടുംബങ്ങൾക്ക് ഭവനം പണിയുന്നതിനായുള്ള അച്ചന്റെ കഠിനാധ്വാനവും പരിശ്രമവും സമാനതകളില്ലാത്തതാണ്. സമ്പന്നനോ ദരിദ്രനോ ഒരു വ്യത്യാസവുമില്ല - ഓലിക്കലച്ചന്റെ മുമ്പിൽ എല്ലാവരും ഒരുപോലെ സ്വീകാര്യരാണ്. പാവപ്പെട്ടവരോട് അതിരുകളില്ലാത്ത കാരുണ്യപ്രവാഹം. അതേ! ഒരിക്കലും വറ്റാത്ത സ്നേഹത്തിന്റെ ഉറവ ആ ഹൃദയത്തിലുണ്ട്.

ഓലിക്കലച്ചൻ വികാരിയായ ആദ്യത്തെ ഇടവകയായ ഉരുളികുന്നത്തുണ്ടായ രസകരമായ ഒരു അനുഭവം ആ ഇടവകയിലെ എന്റെ ഒരു ബന്ധു പറഞ്ഞുകേട്ടിട്ടുണ്ട്. ഒരിക്കൽ വികാരിയച്ചനെ കാണുവാൻ ഒരാൾ ഇടവകയിൽ എത്തുന്നു. പള്ളിവക സ്ഥലത്തേക്കു പ്രവേശിച്ചുകഴിഞ്ഞ



പ്പോൾ ഒരു ജോലിക്കാരൻ അവിടെനിന്നു കയ്യാല കെട്ടുന്നുണ്ട്. വന്നയാൾ ആ ജോലിക്കാരനോടു ചോദിച്ചു: "വികാരിയച്ചനെ കാണണം, പള്ളിമുറിയിൽ ഉണ്ടോ?" ജോലിക്കാരന്റെ മറുപടി: "ഇപ്പച്ചെന്നാൽ അച്ചനെ കാണാം, അവിടെ പള്ളിമുറിയിൽ കാണും." സന്ദർശകൻ പള്ളിമുറിയിൽ എത്തി.

വികാരിയച്ചന്റെ റൂമിൽ കോളിങ് ബെല്ലടിച്ചു. അച്ചൻ കതകു തുറന്ന് പുറത്തുവന്നു. വന്നയാൾ നോക്കുമ്പോൾ ദേ താഴെക്കണ്ട അതേ ജോലിക്കാരൻ വികാരിയച്ചനായി മുന്നിൽ വന്നുനിൽക്കുന്നു. അതാണ് ഓലിക്കലച്ചൻ! ഇടവകസമൂഹത്തിന്റെ കാർഷിക സംസ്കാരത്തിനോടു ചേർന്നു നിൽക്കുന്ന വികാരിയച്ചൻ! പള്ളിയുടെയും പരിസരങ്ങളുടെയും നാടിന്റെതന്നെയും മുഖം മാറ്റുന്ന അച്ചന്റെ മാജിക് ജാതിമതഭേദമെന്യേ അംഗീകരിക്കപ്പെടുന്നതാണ്.

ഓലിക്കലച്ചൻ ശുശ്രൂഷ ചെയ്ത ഇടവകകളിലെല്ലാം അനേകവർഷങ്ങൾ വേണ്ടിവരുന്ന കാര്യങ്ങൾ, കേവലം അഞ്ചു വർഷങ്ങൾകൊണ്ട് ചെയ്തു പൂർത്തിയാക്കിയിട്ടുണ്ട്. ഓലിക്കലച്ചന്റെ കൂടെ ശുശ്രൂഷ ചെയ്യുന്ന കൊച്ചച്ചന്മാരെ പരിശീലിപ്പിക്കുവാൻ, ഈശോയുടെ വഴിയിലൂടെ നടത്തുവാൻ അച്ചൻ പ്രത്യേകം ജാഗ്രതപുലർത്തി.

ഇടവകാംഗങ്ങളുടെ ഓരോ നേട്ടങ്ങളെയും വിജയങ്ങളെയും ദൈവാലയത്തിൽ ഇടവകസമൂഹത്തോടു പങ്കുവച്ച്, അവർക്ക് ഊർജവും പ്രചോദനവും നൽകി, ജീവിതത്തിൽ അവർക്കു കത്തിപ്പടരുവാൻ - ആളിക്കത്തുവാൻ - ഒരു തീപ്പൊരിയായി മാറുന്ന ഓലിക്കലച്ചനെ പലപ്പോഴും കണ്ടിട്ടുണ്ട്, അനുഭവിച്ചിട്ടുമുണ്ട്. അച്ചൻ കൊളുത്തി നൽകിയ കൈത്തിരിയുടെ വെളിച്ചത്തിൽ എത്രയോ പേർ അവരുടെ ജീവിതപ്പാതയിൽ ലക്ഷ്യസ്ഥാനത്ത് എത്തിയിട്ടുണ്ട്.

ഒരു വൈദികന്റെ ജീവിതം ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലും തെരുവുകളിലുമെല്ലാം അത്രമേൽ ചർച്ച ചെയ്യപ്പെടുകയും വിചാരണ ചെയ്യപ്പെടുകയും വിധിക്കപ്പെടുകയും ചെയ്യുന്നുണ്ട്. പുതിയകാലത്ത്, തങ്ങൾ ആയിരിക്കുന്ന വ്യവസ്ഥിതിക്കകത്തുനിന്നുതന്നെ ഇത്തരം വിചാരണകൾ നേരിടേണ്ടി വരുന്നു എന്നത് അവരെ കൂടുതൽ നിസ്സഹായരും ദുഃഖിതരും ഒറ്റപ്പെട്ടവരുമാക്കുന്നു. തങ്ങൾക്കു ബോധ്യമുള്ള പൗരോഹിത്യത്തിന്റെ കടമകൾ സ്വതന്ത്രമായി ചെയ്യാൻ സാധിക്കാത്തവണ്ണം അതവരെ നിസ്സഹായരാക്കുന്നു. അതിനെ സുവിശേഷാത്മകമായി മറികടക്കുക എന്നതാണ് ഇന്നത്തെ വൈദികർ - പ്രത്യേകിച്ച് ഇടവക വൈദികർ - നേരിടുന്ന വലിയ പ്രതിസന്ധി. പ്രതിസന്ധികൾ ഉണ്ടായപ്പോഴൊക്കെ ഓലിക്കലച്ചൻ ആത്മീയമായി വലിയ ധീരത പ്രകടിപ്പിച്ചിട്ടുണ്ട്. ദൈവഹിതപ്രകാരം ഏറ്റെടുക്കുന്ന സഹനങ്ങളൊന്നും പാഴാകില്ല എന്ന സുവിശേഷസന്ദേശമാണ് അച്ചനെ മുന്നോട്ടുനയിച്ചത്. ■

ബാലനോവൽ **19**

അന്തിനാട് ജോസ്




## കൊട്ടാരക്കെട്ടിലെ ഉറങ്ങാത്ത രാവുകൾ

**അ**നന്തവിസ്തൃതമായ കൊട്ടാരക്കെട്ടുകൾക്കുള്ളിൽ രാത്രി ഒരുപോള കണ്ണടയ്ക്കാൻ പോലും കഴിയാതെ ദേവദത്തൻ അസ്വസ്ഥതയുടെ ചാട്ടവാറടികളേറ്റു പുളയുകയായിരുന്നു. എത്ര ദിനമായി ഉറങ്ങിയിട്ട്! ജ്യേഷ്ഠനെ ചതിച്ച് സിംഹാസനം കൈക്കലാക്കിയെങ്കിലും സ്വസ്ഥമായി ഒരു നിമിഷംപോലും കഴിഞ്ഞിട്ടില്ല.

കാർഫിയൂസിനെ തന്ത്രപൂർവം അച്ഛന്റെ ശവവുമായി മറ്റൊരു രാജ്യത്തേക്കു കടത്തി. എങ്കിലും അവൻ ഇതാ കൊട്ടാരത്തിനു സമീപമെത്തിയിരിക്കുന്നു. പർവതത്തിൽനിന്നു ശിലകൾ ഉരുട്ടിയും അമ്പെയ്തും കൊല്ലാമെന്നായിരുന്നു കരുതിയത്. പക്ഷേ, അവിടെയും കണക്കുകൂട്ടലുകളെല്ലാം തെറ്റി. ദേവദത്തന്റെ സൈനികത്തലവനായ അഡോക്കിയാസിനെവരെ അവർ തങ്ങളുടെ പക്ഷത്താക്കി. ആനയുടെ ചവിട്ടേറ്റ് നൂറോളം പടയാളികളാണു ഛിന്നഭിന്നമായത്.

ആ സംഭവത്തോടെ തന്റെ ഭടന്മാരുടെ ആത്മധൈര്യം നന്നേ ചോർന്നുപോയി. അവരും കനത്ത നിരാശയിലും ഭീതിയിലുമായിരിക്കുന്നു.

രാജ്യത്തെ പ്രജകളും കാർഫിയൂസിനോടൊപ്പമാണ്. അവരും അവൻ തിരിച്ചുവരാൻ കാ



ത്തിരിക്കുന്നവരാണ്. സ്വന്തം പിതാവിനെ ചതിച്ചുകൊന്ന്, ജ്യേഷ്ഠനെ തന്ത്രപൂർവം നാടുകടത്തിയ നീചനായിട്ടാണ് ആദിത്യപുരത്തെ പ്രജകൾ ദേവദത്തനെ കാണുന്നത്.

"തിരുമേനീ, എന്താ ഉറങ്ങാത്തത്? ഞങ്ങൾ കൊട്ടാരത്തിനു കാവലുണ്ടല്ലോ." ഭടന്മാരുടെ പ്രധാനി വന്നു പറഞ്ഞു.

"നമ്മുടെ കുതിരപ്പടയാളികൾ കാർഫിയൂസിനെ നേരിടാനായി സർവസന്നാഹങ്ങളോടെയും നീങ്ങിയിട്ടുണ്ട്." സേനാധിപൻ പറഞ്ഞു.

"ഇത്തവണ അവരെ കുതിരപ്പടയാളികൾ നിലംപൊത്തിക്കും, കാർഫിയൂസിന് ഒരു കുതിരപോലുമില്ല."

നിമിഷങ്ങൾ പിന്നെയും കടന്നുപോയി. പെട്ടെന്ന് അവിടേക്ക് രാജദൂതൻ ഓടിക്കിതച്ചെത്തി. "കൊച്ചുതിരുമേനീ, എല്ലാം തകർന്നു. നമ്മുടെ കുതിരപ്പടയാളികളെല്ലാം ഉടലിൽനിന്നു തല വേർപെട്ടു മരിച്ചു. കുറെപ്പേരുടെ കഴുത്തിൽ ആഴത്തിൽ മുറിവും ഏറ്റു. നമ്മുടെ കുതിരകളെയെല്ലാം അവർ കൈക്കലാക്കി.

ഇടിവെട്ടേറ്റതുപോലെ ദേവദത്തൻ മരവിച്ചുനിന്നുപോയി. കണ്ണിൽ ഇരുട്ടുകയറി ഒന്നും കാണാനാവാത്ത അവസ്ഥ. ഭടന്റെ വാക്കുകൾ ദേവദത്തനെ വല്ലാതെ ഭയചകിതനാക്കി...

ദേവദത്തൻ ഭടനോടു ചോദിച്ചു: "ഞാനെന്താണീ കേൾക്കുന്നത്? നമ്മുടെ സൈന്യത്തിന്റെ കൈവശം ആയുധങ്ങൾ ഒന്നും ഇല്ലായിരുന്നോ?"

"ശത്രുക്കൾ വളരെ ദൂരെയായിരുന്നു. അവരെ നേരിടാനായി പാഞ്ഞുപോകുമ്പോൾ വഴിയിൽ കഴുത്തിന്റെ ഉയരം കണക്കാക്കി ചെറിയൊരു കമ്പി വലിച്ചുകെട്ടിയിരുന്നു.

രാത്രിയായിരുന്നതിനാൽ അതു കാണാൻ കഴിഞ്ഞില്ല. എന്നാൽ, കുതിരകൾക്ക് ഒന്നും പറ്റിയില്ല. കുതിരകളുടെ ശിരസ്സിനു മുകളിലായിരുന്നു കമ്പി കെട്ടിയിരുന്നത്. കമ്പിയിൽത്തട്ടി കഴുത്തു മുറിഞ്ഞാണു ഭടന്മാർ മരിച്ചത്."

ഇത് അന്തിമയുദ്ധമാണ്. ഇതു പരാജയമടഞ്ഞാൽ എല്ലാം തീർന്നതുതന്നെ. ഇനി ഏതാനും കൊട്ടാരകാവൽക്കാർമാത്രമേ ഇവിടെ അവശേഷിച്ചിട്ടുള്ളൂ.

ദേവദത്തൻ കൊട്ടാരത്തിന്റെ മുകൾനിലയിലൂടെ വെറുതെ നടന്നു. രാത്രിയിലും ശരീരം ചുട്ടുപൊള്ളുന്ന അവസ്ഥ. തന്റെ കാൽക്കീഴിലെ മണ്ണ് ഓരോ നിമിഷവും ചോർന്നുപോകുന്നു.

വീണ്ടും കാര്യസ്ഥൻ ഓടിയെത്തി.

ആ വരവു കണ്ട് ദേവദത്തൻ ഒന്നുകൂടി ഭയന്നു.

കാര്യമായ എന്തോ സംഭവിച്ച ലക്ഷണമുണ്ട്.

"എന്താ? എന്തുണ്ടായി?"

"തിരുമേനീ, അങ്ങ് അയച്ച അവസാനത്തെ സൈനികരെ ജനം കൂട്ടമായി ആക്രമിച്ചു. വീരസേനനെ തിരുമേനി ചതിച്ചു കൊന്നുവെന്നും പറഞ്ഞ് ആയിരക്കണക്കിനാളുകൾ അവരെ വളഞ്ഞു കല്ലെറിഞ്ഞു കൊന്നു...

എല്ലാം തകർന്നിരിക്കുന്നു! തന്റെ പിതാവിന്റെ ആത്മാവും തന്നെ വേട്ടയാടുകയാണെന്ന് ദേവദത്തനു തോന്നി. പിതാവിന്റെ കോപം എന്നേക്കുമായി തന്റെമേൽ പതിച്ചിരിക്കുന്നു.

പെട്ടെന്ന് പുറത്തു വലിയൊരു ബഹളം. ജനം ഒന്നടങ്കം തെരുവിൽ ഇറങ്ങിക്കഴിഞ്ഞിരിക്കുന്നു.

അവരുടെ മുമ്പിൽ കാർഫിയൂസും പടയാളികളും.

ദേവദത്തൻ ഭയന്നുപോയി.

അയാൾ, താനിരുന്ന സിംഹാസനം വലിച്ചെറിഞ്ഞു. പാനപാത്രങ്ങൾ എറിഞ്ഞുടച്ചു. വിശിഷ്ടവസ്തുക്കൾ ഒന്നൊന്നായി തല്ലിയുടച്ചു.

സേവകർ ഓടിയെത്തി. "തിരുമേനീ എന്താണിത്? അങ്ങേക്കു ഭ്രാന്തായോ?"

"കൊല്ലും, എല്ലാറ്റിനെയും ഞാൻ കൊല്ലും. ഞാൻമാത്രം മതി. കൊട്ടാരത്തിലെ എല്ലാ തെണ്ടിപ്പരിഷകളും പുറത്തുപോകൂ."

ദേവദത്തൻ ഒരു വാൾ കൈയിലെടുത്തു. സേവകന്മാർ ആ രംഗം കണ്ടു ഭയന്നോടി. ദേവദത്തനു ഭ്രാന്തായി. അയാൾ വാളുകൊണ്ട് കൊട്ടാരത്തിലെ തൂണുകളിൽ ആഞ്ഞുവെട്ടി.

"തിരുമേനീ, പിന്നിൽനിന്ന് ഒരു നിലവിളികേട്ട് ദേവദത്തൻ ഞെട്ടി. കാർഫിയൂസിന്റെ ഭടന്മാരാണെന്നു കരുതി. എന്നാൽ, ആ രൂപം കണ്ട് ദേവദത്തൻ ഞെട്ടി. തൊട്ടുമുമ്പിൽ മന്ത്രവാദി മാർജാരൻ! വല്ലാത്ത കിതപ്പോടെ കേണപേക്ഷിച്ചു: "തിരുമേനി, എന്നെ പിടിക്കാൻ ഭടന്മാർ വരുന്നു. എന്നെ രക്ഷിക്കണം."

ദേവദത്തൻ വാൾ വീശി മന്ത്രവാദിയെ ഓടിച്ചു. അടുത്തനിമിഷം കാർഫിയൂസിന്റെ സൈന്യം കൊട്ടാരം വളഞ്ഞു. അവർ മന്ത്രവാദിയെ ബന്ധിച്ച് മരത്തിൽ കെട്ടിയിട്ടു. പിന്നെ പൊതിരെ തല്ലി. അതുകണ്ട് ദേവദത്തൻ രണ്ടാംനിലയിൽനിന്നു താഴേക്കു ചാടി.

(തുടരും)

നോവൽ 9

സൂസൻ പാലാത്ര

# കാറ്റിന്റെ മർമരങ്ങൾ

"ലിസിയേ... എടീ ലിസിയേ..."

തറവാട്ടിൽനിന്നാണ് വിളി ഉയരുന്നത്. നേരം പുലരുന്നതേയുള്ളൂ.

വല്യപ്പച്ചന് കണ്ണു തീരെ മങ്ങി.

അക്ഷരം കണ്ണിനു പിടിക്കാതെയായി. പത്രം വായിച്ചുകൊടുക്കണം.

പക്ഷേ, ഇത്ര രാവിലെ? ഇതവരുടെ അടവാണ്. വിടുപണി എടുപ്പിക്കാനുള്ള അടവുനയം.

പ്രാർഥന ചൊല്ലിക്കൊടുക്കാനും പത്രം വായിച്ചുകേൾപ്പിക്കാനുമെന്ന വ്യാജേന വിളിച്ച് അടുക്കളയുടെ കിഴക്കേപ്രത്ത് കൂട്ടിയിട്ടിരിക്കുന്ന കരിപ്പാത്രങ്ങളെല്ലാം തേപ്പിക്കും. ആഴമുള്ള കിണറ്റിൽനിന്ന് വലിയ തൊട്ടിയിൽ വെള്ളം കോരിപ്പിക്കും. കയറ് കൂടെക്കൂടെ പൊട്ടിപ്പോവും. അതിനാൽ, തൊട്ടിയിലും കപ്പിയിലും കെട്ടിയിരിക്കുന്നത് മിനുസം ഒട്ടുമില്ലാത്ത കനമുള്ള ടയറിന്റെ വള്ളിയാണ്. മുകളിലോട്ട് എത്ര ആയത്തിൽ വലിക്കുന്നോ അതേശക്തിയിൽ താഴോട്ടു ചാടുന്ന ടയറുവള്ളി.

വീതിയുള്ള പത്തുനാല്പതു നടകളുണ്ട്. കരിങ്കല്ലുകീറിപ്പാകിയ നടകൾ കയറി വിശാലമായ അടുക്കളമുറ്റത്തൂടെ, വെള്ളം ചുമന്ന് അടുക്കളത്തിണ്ണയിൽ അടുക്കിവച്ചിരിക്കുന്ന ചെമ്പുകലങ്ങൾ, കുട്ടകങ്ങൾ, വലിയ ചരുവങ്ങൾ എല്ലാറ്റിലും നിറപ്പിക്കും. കുട്ടകങ്ങളും ചെമ്പുകലവുമെല്ലാം വല്യമ്മച്ചി പാളക്കീറുകൊണ്ട് മൂടിവയ്ക്കും. ചെറിയ പാത്രങ്ങൾ, മൊന്തകൾ, കിണ്ടികൾ എല്ലാം അടുക്കളയിലും ഊണുമേശയിലും വല്യപ്പച്ചന്റെ തളത്തിലും കൊണ്ടുപോയി വയ്ക്കണം. നടവാതുക്കൽ ബക്കറ്റിൽ വെള്ളം വയ്ക്കണം. നാട്ടുവർത്തമാനം പറയാൻ വരുന്നവർക്ക് കാലുകഴുകിക്കയറാൻ. വല്യപ്പച്ചൻ വിശ്രമിക്കുന്നിടത്തെ പ്രധാന നടയ്ക്കുമുന്നിൽ തിണ്ണയിൽ കിണ്ടിയിൽ വെള്ളം വയ്ക്കണം.

തുപ്പൽക്കോളാമ്പി കഴുകിപ്പിക്കുന്നതൊക്കെ വൈകിട്ടത്തെ അഭ്യാസമാണ്.

ഇസ്രായേൽജനത്തെക്കൊണ്ട് മിസ്രയിമ്യർ വൈക്കോലുകൊണ്ട് ഇഷ്ടിക ഉണ്ടാക്കിച്ചതിനെക്കാൾ കഷ്ടമാണ് വല്യമ്മച്ചിയും കൊച്ചമ്മയുംകൂടി അവളെക്കൊണ്ടു ചെയ്യിക്കുന്നത്. ആ സമയമത്രയും അവൾ അവരെ പിരാകിക്കൊണ്ടിരിക്കും.

ഈ വൃത്തികെട്ടവർ ഒരിക്കലും സ്വർഗത്തിന്റെ പടിവാതിലിൽപ്പോലും എത്തില്ല. മൂന്നുതരമാണ്. അവർ അട്ടയും പുഴുവും ദുഷ്ടപിശാചുക്കളും അഴിഞ്ഞാടുന്ന നിത്യനരകത്തിലെത്തും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും. അനുഭവിക്കട്ടേ, ഇതെല്ലാം നല്ലവനായ ദൈവം കാണുന്നില്ലേ എന്നു ചിന്തിക്കുമ്പോൾ അവൾക്കു തെല്ലൊരാശ്വാസം ലഭിക്കും.

അടുത്താഴ്ച കാരാപ്പുഴ അമ്മച്ചീടെ മകൾടെ കല്യാണമാ. കാരാപ്പുഴത്തെ ചിന്നമ്മയമ്മച്ചി അപ്പന്റെ മൂത്തപെങ്ങളാണ്. വല്യ സ്വത്തുകാരാണ്, സംസ്കാരമുള്ളവരാണ്. അപ്പച്ചൻ പേരെടുത്ത വക്കീലാണ്. കാറിലേ സഞ്ചരിക്കൂ. മക്കളൊക്കെ സിനിമാതാരങ്ങളെ വെല്ലുന്ന മുഖശ്രീയുള്ളവർ. കൈയേലും കഴുത്തേലുമൊക്കെ ആൺപെൺ വ്യത്യാസമില്ലാതെ സ്വർണാഭരണങ്ങൾ ധരിക്കുന്നു.

വക്കീലപ്പച്ചൻ വരുന്നത് ലിസിക്ക് വല്യ ഇഷ്ടമാണ്. പോകാൻനേരം കുട്ടികൾക്കു രൂപ തരും. വല്യഭാവമില്ല. ലിസിയുടെ വീട്ടിലും വന്ന് കുറച്ചുനേരമിരിക്കും. ഒരു ഈസ്റ്ററിന് ആ അപ്പച്ചൻ വന്നുപോയത് സന്തോഷം പകരുന്ന ഓർമകളോടെയാണ്.

അമ്മ വളരെ ഭവ്യതയോടെ മീൽസെയ്ഫിൽ പാത്തുവച്ചിരിക്കുന്ന ഒരു കപ്പെടുത്ത് അതിൽ ചായ കൊടുത്തു. അപ്പച്ചൻ ചായയേ കുടിക്കൂ, ഏലയ്ക്കാത്തരി അല്ലെങ്കിൽ അല്പം ഇഞ്ചി ചേർത്ത ചായ വേണം.

വീട്ടിൽ രണ്ടുനേരവും കാപ്പിയാണനത്തുന്നത്. തീരെച്ചെറിയ കുട്ടിയായ മോനുവിന് സ്റ്റീൽഗ്ലാസ്സിലും ബാക്കിയുള്ളവർക്ക് കുപ്പിഗ്ലാസ്സിലും അമ്മയ്ക്കും അപ്പനും കോപ്പയിലുമാണു പകരുന്നത്.

റോസാപ്പൂക്കളുടെ പടങ്ങളുള്ള വലിയൊരു കോപ്പയിലാണ് അപ്പനു കൊടുക്കുന്നത്. ഗൃഹനാഥനല്ലേ, ഇച്ചിരെ പാലിന്റെ അംശം കൂടുതൽ ചെല്ലട്ടേ എന്നാണ് അമ്മ പറയുന്നത്.

വക്കീലപ്പച്ചൻ മറ്റൊരു കപ്പുംകൂടെ ആവശ്യപ്പെട്ടിട്ട് അതിലൊഴിച്ച് അരക്കപ്പ് കാപ്പി കുടിച്ചു.

"ചിന്നമ്മയും പിള്ളേരും നാളെയേ വരൂ. എനിക്കു ചെന്നിട്ട് അത്യാവശ്യമുണ്ട്."

ഇങ്ങോട്ട് അപ്പച്ചനാണ് കാറോടിച്ചു വന്നത്. ചിന്നമ്മ വരുമ്പോഴൊക്കെ ബന്ധുവീടുകളിൽ പോകുക പതിവാണ്. അതിനാൽ, അപ്പച്ചന്റെ മടക്കയാത്ര ബസിലാക്കി.

തിണ്ണയിൽ കാപ്പികുടിച്ചുകൊണ്ടു നിൽക്കേ കൈകൾകൊട്ടി റോഡിലൂടെ പോയ ബസ് നിർത്തി. പോയപോക്കിൽ ലിസിക്കും സഹോദരങ്ങൾക്കും അപ്പച്ചന്റെ പോക്കറ്റിൽനിന്ന് പള്ളിപ്പെരുന്നാളു കൂടാനുള്ള വക കിട്ടി.

ആളിനെ കാണാൻ നല്ല ഗെറ്റപ്പാണ്. വെളുത്ത ഖദർജുബ്ബയാണു ധരിക്കുന്നത്. കറുത്തകരയോടുകൂടിയ ഖദർഷാളും ഇടതുതോളിൽ കാണും.


കാരാപ്പുഴ അമ്മച്ചിയുടെ മൂത്തമകൻ ബാബു അന്ന് ചങ്ങനാശ്ശേരിയിലാണു പഠിക്കുന്നത്. കോളജിന്റെ ബോർഡിങ്ങിൽ താമസിച്ചു പഠിക്കുകയാണ്. സിനിമാതാരത്തെപ്പോലിരിക്കുന്ന ബാബുച്ചായൻ വന്നു. സ്വർണമാലയിലെ സ്വർണക്കാശുരൂപത്തിലാണ് ലിസിയുടെ നോട്ടം. അന്ന് സ്വർണത്തിന്റെ വിലയൊന്നും അറിയാതെ അവൾ ആ കാശുരൂപത്തിൽ തെരുപ്പിടിച്ചുകൊണ്ട് ചോദിച്ചു: "ബാബുച്ചായാ എനിക്കീ കാശുരൂപം തരാമോ?""

ബാബു പറഞ്ഞു: "നിന്റെ കല്യാണത്തിനാകട്ടേ, എത്ര വേണേലും തരാം." കൊച്ചുകുട്ടിയാണെങ്കിലും കല്യാണമെന്നു കേട്ടപ്പോൾ ലിസിക്കു നാണം വന്നു. അവൾ പെട്ടെന്ന് അവിടെനിന്ന് ഓടിപ്പോയി.

അവൾ തീരുമാനിച്ചിട്ടുണ്ട്, തനിക്കൊരിക്കലും കല്യാണമേ വേണ്ടെന്ന്. കല്യാണം കഴിഞ്ഞാൽപ്പിന്നെ അപ്പന്റെയും അമ്മയുടെയും ഒപ്പം നില്ക്കാൻ പറ്റില്ലല്ലോ. അതിനാൽ, താൻ വളരുന്നതോ കല്യാണം കഴിക്കുന്നതോ അവൾക്കിഷ്ടമല്ല.

തറവാട്ടിൽ അത്രയേറെ സ്ഥലങ്ങളും തെങ്ങുകളും മറ്റു കൃഷികളും ഉണ്ടെങ്കിലും കൊച്ചുപ്പാപ്പൻ, വേലക്കാരൻ മണിയനെക്കൊണ്ട് തങ്ങൾക്കു കിട്ടിയ ആ ഒരുതുണ്ടു പറമ്പിലെ കരിക്കും കുരുമുളകും ഏത്തക്കുലയും എടുപ്പിക്കും.

ലിസിയുടെ അമ്മ വീട്ടാവശ്യത്തിനുപോലും തേങ്ങ എടുപ്പിക്കാറില്ല. തേങ്ങയില്ലാതെ കറികൾ വയ്ക്കും. എന്നിട്ട് സൂക്ഷിക്കുന്നതാണ് മുറ്റത്തെ തൈത്തെ



ങ്ങിലെ തേങ്ങകൾ. അതു വിറ്റിട്ടാണ് അപ്പൻ കറന്റ് ചാർജ് അടയ്ക്കുന്നത്.

തറവാട്ടുവീട്ടിലേക്കുള്ള മതിൽകെട്ടിയ വഴികൾക്കിരുവശവും ചെന്തെങ്ങുകൾ കുലകളായി കായ്ച്ചു നില്പുണ്ട്. കാണാൻ ചന്തമുള്ള ഉയരം കുറഞ്ഞ ഗൗളിത്തെങ്ങുകൾ. അതിലൊന്നിൽനിന്ന് ഒരു കരിക്കിട്ട് ചെത്തിക്കൊടുക്കേണ്ടതിനുപകരം, കുടുംബത്ത് ആരെങ്കിലും വന്നാൽ ബേബിച്ചനെയാണ് കഷ്ടപ്പെടുത്തുന്നത്. എതിർത്താൽ സ്നേഹമില്ലാത്ത കുടുംബദ്രോഹിയെന്ന് സാക്ഷ്യപ്പെടുത്താമല്ലോ.

വിശുദ്ധബൈബിളിലെ നാബോത്തിന്റെ മുന്തിരിത്തോട്ടം എന്ന സംഭവകഥ ഓർമ്മവന്നു. സൺഡേ സ്കൂളിൽ പോകുന്നതിനാൽ ബൈബിളിലെ ഒട്ടുമിക്ക കാര്യങ്ങളും ലിസിക്കറിയാം. അമ്മച്ചിയോടു സംശയങ്ങൾ ചോദിച്ചാൽ ഹൃദ്യമായി വിവരിച്ചു തരും. അമ്മച്ചി വിവാഹത്തിനുമുമ്പ് പള്ളിയിലെ 'സ്ത്രീസമാജം' സെക്രട്ടറിയായിരുന്നത്രേ.

അപ്പൻ തനിക്കു കിട്ടിയ ആതുണ്ടുപറമ്പിൽ മാത്രമല്ല, കെ.കെ. റോഡിന്റെ പുറമ്പോക്കിലും കുരുമുളകും വാഴയും കൃഷി ചെയ്തിട്ടുണ്ട്. പുറമ്പോക്കുഭൂമിയിലെ ഏത്തക്കുലകൾ മൂപ്പാകുമ്പോൾ കൊച്ചുപ്പാപ്പൻ വന്ന് വെട്ടിയെടുക്കും.

കാരാപ്പുഴയമ്മച്ചിക്ക് വർഷാവർഷം ഇത്തിരി കുരുമുളകു വേണം. കൊച്ചുമറ്റം, വലിയമറ്റം, പുളി നില്ക്കുന്ന തൊട്ടി, ജാതി നില്ക്കുന്നിടം, ചാമ്പനില്ക്കുന്ന തൊട്ടി, കക്കൂസിരിക്കുന്നിടം, കോഴിക്കൂടുള്ളിടം എല്ലാം കുരുമുളകുകൃഷിയാണ്. എന്നാലും കൊച്ചുപ്പാപ്പൻ, മണിയനെ വിട്ട് പുറമ്പോക്കിൽ അപ്പൻ നട്ടുപിടിപ്പിച്ച കൊടിയിലെ മുളകുകൾ എടുക്കും, കാരാപ്പുഴയമ്മച്ചിയുടെ പേരിൽ.

എതിർത്താൽ പിന്നെ പെങ്ങന്മാർക്ക് എന്തെങ്കിലും കൊടുക്കാൻ ബേവിച്ചൻ സമ്മതിക്കില്ലെന്ന നുണപ്രചാരണം നടത്തും. പെങ്ങന്മാർ തെറ്റിദ്ധരിച്ച് പിന്നീട് പിണക്കമാകും.

ഇങ്ങനെയൊരവസരത്തിലാണ് വല്യപ്പച്ചൻ നീതിയായി എഴുതിയുണ്ടാക്കിയ വിൽപ്പത്രം കൊച്ചുപ്പാപ്പൻ അഴിപ്പിച്ച് തോന്ന്യാസം കാട്ടി എല്ലാം സ്വന്തമാക്കിയത്.

അപ്പനും അമ്മച്ചിയും ദൈവത്തിൽമാത്രം അഭയം തേടി. വലിയ കുടുംബത്തു ജനിച്ചതിനാൽ ഒരു കൂലിപ്പണിക്കുംകൂടെ ആരും വിളിക്കില്ല.

(തുടരും)

## നുറുങ്ങുകവിത

സലിം കുന്ദംകുളം

### വിശപ്പ്

കുരുവിക്കും
കുടവയറുള്ളൊരു
മനുഷ്യനും
കടിച്ചുടൽ കീറുന്ന
ക്രൂരനാം കടുവയ്ക്കും
പെരുവയർ
സ്വന്തമായുള്ളൊരാ
ആനയ്ക്കും
അവൻ ഭയക്കുന്നൊരീ
കുഞ്ഞനാം ഉറുമ്പിനും
ഏകമായ് തീർന്നൊരാ
കാര്യമതൊന്നാണീ
വിശപ്പെന്ന വേദന
ലോകമിതിൽ.




**ഏപ്രിൽ 6**
**നോമ്പുകാലം**
**ആറാം ഞായർ**

**ഉത്പ 19:15 – 26**
**ജോഷ്വ 21:43 – 22:5**
**റോമാ 14:13 – 23**
**യോഹ 10:11 – 18**

# ഇടയന്റെ സ്വരത്തിന് കാതോർത്ത്



**ഫാ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ**


**ആ**ടുകൾക്കുവേണ്ടി സ്വജീവൻ സമർപ്പിക്കുന്ന ഇടയനായ ഈശോയെക്കുറിച്ചാണ് ഇന്നത്തെ സുവിശേഷം നമ്മോടു സംസാരിക്കുന്നത്. കർത്താവ് ഇടയനും ഇസ്രയേൽ ആടുകളുമാണെന്ന സങ്കല്പം ഇസ്രയേലിൽ നിലനിന്നിരുന്നു. കർത്താവാണെന്റെ ഇടയൻ എനിക്കൊന്നിനും കുറവുണ്ടാവുകയില്ല (സങ്കീ. 23:1). കർത്താവ് ജനത്തിന്റെ ദൈവവും ജനം അവിടുത്തെ മേച്ചിൽസ്ഥലത്തെ ആടുകളുമാണ് (സങ്കീ. 95:7;77:20). കൂട്ടംവിട്ട ആടിനെപ്പോലെ ഞാൻ അലയുന്നു. അങ്ങയുടെ ദാസനെ തേടിവരണമേ (സങ്കീ. 119:176) എന്നു സങ്കീർത്തകൻ പ്രാർഥിക്കുന്നുണ്ട്: പുതിയനിയമത്തിൽ നാലു സുവിശേഷങ്ങളിലും ഈശോയെ ഇടയനായി ചിത്രീകരിക്കുന്നുണ്ട് (മത്താ. 9:36; 18:12; മർക്കോ. 6:34; ലൂക്കാ.12:32; 15:41; യോഹ. 10:1–18).

പാപത്തിൽ മുഴുകിയ സോദോം-ഗൊമോറദേശം ശിക്ഷിക്കപ്പെടുമ്പോഴും തിന്മ ചെയ്യാതെ നിന്നിരുന്ന, നന്മയുടെ പ്രതിരൂപങ്ങളായിരുന്ന ലോത്തിനെയും കുടുംബത്തെയും രക്ഷിക്കുന്ന വിവരണമാണ് ഉത്പത്തിപ്പുസ്തകത്തിൽനിന്നുള്ള ഒന്നാമത്തെ പ്രഘോഷണത്തിൽ ശ്രവിക്കുന്നത്. സോദോമിൽനിന്നു ലോത്തിനെയും അടുത്ത ബന്ധുക്കളെയും രക്ഷിച്ച ദൈവികപ്രവൃത്തിയിൽ ഒരു ഇടയൻ ആടിനെ അപകടത്തിൽനിന്നു രക്ഷിക്കുന്നതുപോലെ ലോത്തിനെയും കുടുംബത്തെയും അനുധാവനം ചെയ്ത് രക്ഷയിലേക്കു നയിക്കുന്നതാണ് കാണുന്നത്. കർത്താവിന് അവനോടു കരുണ തോന്നി അവനെയും ഭാര്യയെയും മക്കളെയുമെല്ലാം കൈയ്ക്കുപിടിച്ച് നഗരത്തിനു പുറത്തു കൊണ്ടുപോയി വിട്ടു. തിന്മയെ പരാജയപ്പെടുത്തി മനുഷ്യകുലത്തിനു രക്ഷ നല്കുന്ന മിശിഹായെത്തന്നെയാണ് സോദോം-ഗോമോറായിൽ രക്ഷ നല്കുന്ന കർത്താവിൽ ദർശിക്കാനാവുന്നത്.

ജോഷ്വായുടെ നേതൃത്വത്തിൽ കർത്താവിന്റെ വചനത്താൽ നയിക്കപ്പെട്ട് ഇസ്രയേൽ ജനം കാനാൻദേശം കൈവശപ്പെടുത്തിയതിനെക്കുറിച്ചാണ് ജോഷ്വായുടെ പുസ്തകത്തിൽനിന്നുള്ള പ്രഘോഷണം. പന്ത്രണ്ടുഗോത്രങ്ങളുടെ ഒരു സംയുക്തസംരംഭമായിട്ടായിരുന്നു വാഗ്ദത്തനാടിന്റെ കൈവശപ്പെടുത്തൽ. അതുകൊണ്ട് അവരുടെ കാനാൻദേശത്തെ വിജയം സഹോദരങ്ങളുടെ ഐക്യത്തിന്റെ വിജയമായിരുന്നുവെന്നു പറയാം. കാനാൻദേശം യോർദാൻ നദിക്കു പടിഞ്ഞാറാണ്. യോർദാൻ നദിക്കു കിഴക്കുഭാഗത്തും കുറെ സ്ഥലങ്ങൾ ഇസ്രയേൽജനം നേരത്തേതന്നെ കൈവശപ്പെടുത്തുകയും രണ്ടര ഗോത്രങ്ങൾക്കു വീതിച്ചുനല്കുകയും ചെയ്തിരുന്നു. എന്നാൽ, ഈ രണ്ടര ഗോത്രങ്ങളിലെ യോദ്ധാക്കളും കാനാൻദേശം പിടിച്ചടക്കാൻ ഇതര സഹോദര ഗോത്രങ്ങളെ സഹായിച്ചതിനു ശേഷംമാത്രമാണ് തങ്ങളുടെ അവകാശത്തിലേക്കു മടങ്ങിയത്.

സഹോദരങ്ങൾ തമ്മിൽത്തമ്മിൽ ഇടർച്ചയാകാതെ ഐക്യത്തിൽ വ്യാപരിക്കുന്നതിനെപ്പറ്റിയാണ് റോമ. 14:13–23 പ്രതിപാദിക്കുന്നത്. സഹോദരർ സഹവസിക്കുന്ന സമൂഹത്തിൽ ആരും ആർക്കും ഇടർച്ച നല്കരുതെന്ന് ശ്ലീഹാ ഓർമിപ്പിക്കുന്നു. സഹോദരന് ഇടർച്ചയോ മാനസികവിഷമമോ നല്കുന്നവൻ സ്നേഹത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നു. ദൈവത്തിനു സ്വീകാര്യനും മനുഷ്യർക്കു സുസമ്മതനുമായി വർത്തിക്കാനാണ് ശ്ലീഹാ ഉപദേശിക്കുന്നത്.

ഈശോ ആരാണെന്നും അവിടുത്തെ സന്ദേശമെന്താണെന്നുമുള്ള ചോദ്യങ്ങൾക്കു പലസ്തീനായുടെ പശ്ചാത്തലത്തിലുള്ള ഉപമയിലൂടെ യോഹന്നാൻ ഉത്തരം നല്കുകയാണ് ഇന്നത്തെ സുവിശേഷത്തിൽ. ആടുകൾക്കുവേണ്ടി ജീവനർപ്പിക്കുന്ന ഇടയനാണ് ഈശോ. കള്ളന്മാരും വ്യാജ ഇടയന്മാരും വിശ്വാസിസമൂഹത്തെ വഴിതെറ്റിക്കാൻ വെമ്പൽകൊള്ളുന്ന സാഹചര്യത്തിൽ ഈശോ നല്ല ഇടയനും വിശ്വാസികളുടെ മാർഗത്തിനു ഭ്രംശം വരുത്തുന്ന വ്യാജപ്രബോധകർ വ്യാജ ഇടയന്മാരുമാണെന്ന് യോഹന്നാൻ സമർഥിക്കുന്നു. സ്വാർഥലാഭത്തിനുവേണ്ടി ദൈവജനത്തെ അവഗണിക്കുന്ന ഇസ്രയേലിലെ നിയമജ്ഞരെയും ഫരിസേയരെയും വ്യാജഇടയന്മാരായി ചിത്രീകരിക്കുന്ന സുവിശേഷകൻ അവർക്കുള്ള ഒരു ബദലായിട്ടാണ് ആടുകൾക്കു ജീവൻ ഉണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനുമായി പരിശ്രമിക്കുന്ന നല്ല ഇടയനായി ഈശോയെ അവതരിപ്പിക്കുന്നത്. 10:1–6ൽ ഇടയനെയും ആടുകളെയും കുറിച്ചു വിവരിക്കുന്ന യോഹന്നാൻ ശ്ലീഹാ 10:7–10ൽ തൊഴുത്തിന്റെ വാതിലിനെയും അതിൽ പ്രവേശിക്കുന്നവരെയും 10:10–18ൽ നല്ല ഇടയനായ ഈശോയെയുംകുറിച്ചു പ്രതിപാദിക്കുന്നു.



**നല്ല ഇടയൻ:** യോഹന്നാൻ ശ്ലീഹാ ഈശോയെ വിശേഷിപ്പിച്ചിരിക്കുന്നത് നല്ല ഇടയൻ എന്നാണ്. ഈശോയുടെ നന്മയെ ഊന്നിപ്പറയാൻവേണ്ടിയാണ് മനോഹരം, സുന്ദരം എന്ന അർഥം വരുന്ന ഗ്രീക്കുഭാഷയിലെ കാലോസ് എന്ന പദം ഇടയൻ എന്ന വാക്കിനോടുകൂടെ ഉപയോഗിച്ചിരിക്കുന്നത്. ജനനേതാക്കളായ മറ്റ് ഇടയന്മാരെക്കാൾ ഈശോ ശ്രേഷ്ഠനാണ്, നല്ലവനാണെന്ന് ഈ വിശേഷണം സൂചിപ്പിക്കുന്നു. കൂടാതെ, നല്ല എന്ന വിശേഷണം ഈശോയാകുന്ന ഇടയനോടു കൂട്ടിച്ചേർക്കുമ്പോൾ ഈശോയുടെ കനിവും കാരുണ്യവും ഈ വാക്ക് ഉൾക്കൊള്ളുന്നുണ്ട്. നല്ല ഇടയൻ എന്ന വാക്കിന്റെ അർഥം നന്മയും കനിവും കാരുണ്യവുമുള്ള അജപാലകൻ എന്നാണ്.

**നല്ല ഇടയന്റെ പ്രത്യേകതകൾ**

യോഹ. 10:1–18 ൽ നല്ല ഇടയന്റെ ഭാവങ്ങളെ സുവിശേഷകൻ അവതരിപ്പിക്കുന്നുണ്ട്. 1. വ്യാജമാർഗങ്ങളിലൂടെ തൊഴുത്തിൽ പ്രവേശിക്കാതെ യഥാർഥവാതിലിലൂടെ അകത്തു പ്രവേശിക്കുന്നവൻ (10:1–2). 2. വ്യക്തിപരമായ ബന്ധമുള്ളതിനാൽ ആടുകളെ പേരുചൊല്ലി വിളിക്കുന്നവൻ (10:3). 3. ആടുകളുടെ നന്മ കാംക്ഷിച്ച് അവയെ മേച്ചിൽസ്ഥലങ്ങളിലേക്കു നയിക്കുന്നവൻ (10:3). 4. ആടുകളുടെ മുമ്പേ നടന്ന് അവയ്ക്കു വഴികാണിച്ചുകൊടുക്കുന്നവൻ (10:4). 5. അപകടസന്ധിയിൽ ഓടിപ്പോകാതെ ആടുകൾക്കുവേണ്ടി ജീവനർപ്പിക്കുന്നവൻ (10:11). 6. കൂലിക്കുവേണ്ടിമാത്രം ആടുകളെ നോക്കുന്ന വ്യക്തിയെപ്പോലെയല്ലാതെ ആടുകളെ സ്വന്തമായി കരുതുന്നവൻ (10: 12–13). 7. ആടുകളെ അറിഞ്ഞു സ്നേഹിക്കുന്നവൻ (10:14) 8. തൊഴുത്തിൽപ്പെടാത്ത മറ്റ് ആടുകളെയും കരുതലോടെ കാക്കുന്നവൻ (10:16).

**ആടുകളെ ഉപേക്ഷിച്ച് ഓടിപ്പോകുന്നവർ**

ഇടയനല്ലാത്തവനും ആടുകൾ സ്വന്തമല്ലാത്തവനുമായ കൂലിക്കാരൻ ചെന്നായ് വരുന്നതു കാണുമ്പോൾ ആടുകളെയെല്ലാം വഴിയിൽ ഉപേക്ഷിച്ച് തന്റെതന്നെ രക്ഷ തേടി ഓടിപ്പോകുന്നു (10:12). അതുവഴി ചെന്നായ് ആടുകളെ ആക്രമിക്കുകയും അവയെ ചിതറിച്ചുകളയുകയും ചെയ്യുന്നു. ഏ.ഡി. 70 ലെ ജറുസലേംദേവാലയത്തിന്റെ പതനത്തിനു തൊട്ടുമുമ്പായി യഹൂദനേതാക്കന്മാരെല്ലാം യാമ്നിയ എന്ന സ്ഥലത്തേക്കു പലായനം ചെയ്യുന്നതും അതേത്തുടർന്നുണ്ടായ സംഭവങ്ങളുമാണ് ഈ ഒരു പരാമർശത്തിന്റെ (10:12) പശ്ചാത്തലമായി വിശുദ്ധഗ്രന്ഥവ്യാഖ്യാതാക്കൾ സാധാരണ അഭിപ്രായപ്പെടുന്നത്. അപകടം വരുന്നുവെന്നു കാണുമ്പോൾ ഏല്പിക്കപ്പെട്ടിരിക്കുന്നവരുടെ രക്ഷ നോക്കാതെ സ്വയം രക്ഷ തേടുന്നവർ വെറും കൂലിക്കാരന്റെ സ്വഭാവമുള്ളവരാണെന്നു വ്യക്തം. അതായത്, ഏല്പിക്കപ്പെട്ടിരിക്കുന്നവയെ സ്വന്തമെന്നപോലെ കരുതി സംരക്ഷിക്കേണ്ടതിനുപകരം അപകടത്തിന് അവയെ വിട്ടുനല്കിക്കൊണ്ട് സ്വയരക്ഷ തേടുന്നവൻ ആത്മാർഥതയില്ലാത്തവനാണ്, കടപ്പാടുകൾ ഇല്ലാത്തവനാണ്. കൂലിക്കാരൻ കൂലിക്കുവേണ്ടി മാത്രം തന്റെ ജോലി നിർവഹിക്കുമ്പോൾ നല്ല ഇടയൻ ആടുകളോടുള്ള അവന്റെ സ്നേഹബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് ശുശ്രൂഷിക്കുന്നതെന്നും ഈ വാക്യം പഠിപ്പിക്കുന്നു. തന്റെ ജീവനും ആടുകളുടെ ജീവനും തമ്മിൽ ഒരു തിരഞ്ഞെടുപ്പു വരുമ്പോൾ സ്വന്തം ജീവൻ രക്ഷിക്കാനേ കൂലിക്കാരനായ ഇടയൻ ശ്രദ്ധിക്കൂ. എന്നാൽ, ഈശോയെ സംബന്ധിച്ചിടത്തോളം ഇടയവൃത്തി ഒരു ഉടമ്പടിവേലയല്ല; പ്രത്യുത, ഒരു ജീവിതദൗത്യമാണ്. ഈശോയാകുന്ന ഇടയൻ ആടുകളുടെ വാതിലാണ്, വാതിൽ കാവൽക്കാരനാണ്.

**തൊഴുത്തിൽപ്പെടാത്ത മറ്റ് ആടുകൾ (10:16):** സകല ജനവും ഈശോയിൽ ഒരു ഗണമായിത്തീരേണ്ടതാണെന്ന ചിന്തയെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ വചനം. എല്ലാ ആടുകളെയും അറിയുകയും സ്നേഹിക്കുകയും അവയ്ക്കുവേണ്ടി സ്വയം ജീവൻ അർപ്പിക്കുകയും ചെയ്ത ദൈവത്താൽ നിയോഗിക്കപ്പെട്ട ഇടയനാണ് ഈശോ. ആ ഈശോയിൽ വിശ്വാസമർപ്പിച്ച് കൂട്ടായ്മയിൽ നില്ക്കുന്നവരാണ് തൊഴുത്തിൽപ്പെടുന്ന ആടുകൾ. നല്ല ഇടയനായ ഈശോയിൽ വിശ്വസിക്കാത്തവരാണ് തൊഴുത്തിനു പുറത്തുനില്ക്കുന്നവർ. ഈശോയെ അംഗീകരിക്കാൻ വിമുഖത കാട്ടുന്നവരും അവിടുത്തെ അറിഞ്ഞശേഷം പലവിധ കാരണങ്ങളാൽ ഈശോയിൽനിന്നകന്നുപോയവരും തൊഴുത്തിനു പുറത്തുള്ളവരാണ്. തൊഴുത്തിനു പുറത്തുള്ളവരെല്ലാവരും തിരികെവന്ന് ഏകതൊഴുത്തും ഏക ഇടയനുമാകണമെന്നാണ് ഇവിടെ അർഥമാക്കുന്നത്. ചിതറിക്കഴിയുന്ന ജനമെല്ലാം ഈശോയിൽ ഒരുമിച്ചുകൂട്ടപ്പെടുമെന്നാണ് ഈ വചനത്തിന്റെ ധ്വനി. എല്ലാ മനുഷ്യരുടെയും രക്ഷകനായ ഈശോയുടെ സാർവത്രികരക്ഷാകരദൗത്യത്തിന്റെ സൂചനകളാണിവ. എന്റെ ഭവനം എല്ലാ ജനതകൾക്കുമുള്ള പ്രാർഥനാലയം എന്നു വിളിക്കപ്പെടുമെന്ന് എഴുതിയിട്ടില്ലേ? (മർക്കോ. 10:17).

സുവിശേഷഭാഗം നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നത് മിശിഹായുടെ അനുയായി അനുഷ്ഠിക്കേണ്ട രണ്ടു ധർമങ്ങളിലേക്കാണ് – ഇടയധർമവും അജധർമവും. ഈശോയെ സ്വന്തം ജീവിതത്തിൽ അനുകരിക്കാൻ തയ്യാറായിട്ടുള്ള ആർക്കും ഇടയധർമമുണ്ട്. പിതാവായ ദൈവത്തിന്റെ ഇടയച്ചെറുക്കനായി മിശിഹാ സ്വയം ചിത്രീകരിക്കുന്നതുപോലെ, മിശിഹായുടെ ഇടയച്ചെറുക്കന്മാരാണ് നാം ഓരോരുത്തരും. മിശിഹാ തന്റെ സംരക്ഷണത്തിനേല്പിക്കപ്പെട്ടിരുന്ന എല്ലാവരുടെയും പരിരക്ഷയ്ക്കുവേണ്ടി സ്വയം സമർപ്പിച്ചിരിക്കുന്നതുപോലെ നമുക്കും ഒരു ഇടയധർമമുണ്ട്. വികാരിയച്ചൻ ഇടവകജനത്തിന് ഇടയനായിരിക്കണം. മാതാപിതാക്കൾ മക്കൾക്കും, അധ്യാപകർ വിദ്യാർഥികൾക്കും, ഭരണകർത്താക്കൾ ഭരണീയർക്കും, ഉദ്യോഗസ്ഥർ ഉപഭോക്താക്കൾക്കും, യജമാനൻ തൊഴിലാളികൾക്കും ഇടയന്മാരായിരിക്കണം. നല്ല ഇടയനായ ഈശോയുടെ പാത നാം പിന്തുടരുമ്പോൾ നമ്മുടെ ജീവിതവും നമ്മെ ഉത്തരവാദിത്വമേല്പിച്ചവരുടെ പരിരക്ഷയ്ക്കുവേണ്ടി ആകേണ്ടിയിരിക്കുന്നു. ജീവൻ സമർപ്പിക്കുക എന്നു പറയുമ്പോൾ അവർക്കുവേണ്ടി മരിക്കുക എന്നതിനേക്കാൾ മരിക്കുന്നതുവരെയും അവർക്കുവേണ്ടി ജീവിക്കുകയെന്നതാണ് മനസ്സിലാക്കേണ്ടത്.



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

# കുരിശിന്റെ പേരിൽ മുതലെടുപ്പു പാടില്ല

നേർമൊഴി



ഇടുക്കി പരുന്തുംപാറയിൽ ഒരു കുരിശ് തകർക്കപ്പെട്ടു. തകർത്തത് കളക്ടറുടെ നേതൃത്വത്തിലുള്ള റവന്യൂ ഉദ്യോഗസ്ഥരാണ്. തകർക്കാൻ കാരണം അനധികൃതഭൂമിയിൽ സ്ഥാപിച്ച കുരിശാണെന്ന കാരണം പറഞ്ഞത്രേ. നിയമവിരുദ്ധനിർമാണങ്ങൾ നീക്കം ചെയ്യുന്നതിൽ തെറ്റു പറയാനാവില്ല. എന്നാൽ, അത്തരം പ്രവൃത്തികൾ ചെയ്യുമ്പോൾ അതു വികാരത്തിന്റെ പ്രകടനമാകാതിരിക്കാനും പ്രകോപനപരമാകാതിരിക്കാനും ശ്രദ്ധിക്കേണ്ടതുണ്ട്. ആ അവധാനത പക്ഷേ, കുരിശു തകർത്ത കാര്യത്തിൽ കണ്ടില്ല. മാധ്യമങ്ങളെ വിളിച്ചുകൂട്ടി ആസൂത്രിതമായിട്ടാണ് വലിയ കോൺക്രീറ്റ് കുരിശ് തകർത്തു തരിപ്പണമാക്കിയത്. അതിനെ കുരിശിനോടുള്ള അനാദരവായും ക്രൈസ്തവരോടുള്ള വെല്ലുവിളിയായും വിശ്വാസികൾ വ്യാഖ്യാനിച്ചാൽ അതിനു തെറ്റു പറയാനാവില്ല.

അനധികൃതകൈയേറ്റവും നിർമാണവും തടയാനാണെങ്കിൽ എന്തുകൊണ്ട് കുരിശുമാത്രം തകർക്കപ്പെട്ടു എന്ന ചോദ്യം ബാക്കിയാകുന്നു. പരുന്തുംപാറയിലും വാഗമണ്ണിലുമെല്ലാം സർക്കാർ ഭൂമി കൈയേറി പണിതുയർത്തിയ കെട്ടിടങ്ങൾക്ക് എന്തുകൊണ്ട് സർക്കാർ പെർമിറ്റും നിർമാണാനുമതിയും നൽകി?

കുരിശ് ആഘോഷമായി തകർക്കപ്പെട്ടത് സജിത്ത് ജോസഫ് എന്ന സ്വകാര്യവ്യക്തിയുടെ ഉടമസ്ഥതയിലും കൈവശത്തിലുമുള്ള ഭൂമിയിലാണ്. ഈ ഭൂമി രേഖാമൂലം നിയമാനുസൃതം വാങ്ങിയിട്ടുള്ളതാണ്. 2024-25 വർഷം വരെ നികുതി അടച്ചിട്ടുള്ള ഭൂമിയാണ്. അതുപോലെതന്നെ കെ.എസ്.ഇ.ബിയിൽനിന്ന് വൈദ്യുതികണക്ഷൻ അനുവദിച്ചിട്ടുള്ള ഭൂമിയുമാണ്. അവിടെ ഉയർത്തിയ കുരിശ് തകർത്ത നടപടി ദുരൂഹമാണ്. അനധികൃതനിർമാണങ്ങൾ പരിശോധിക്കാൻ നിയമിതമായ എസ്.ഐ.റ്റിയുടെ റിപ്പോർട്ടുപ്രകാരം നാല്പതിലധികം നിയമലംഘനങ്ങൾ ആ പ്രദേശങ്ങളിൽ നടന്നിട്ടുണ്ട്. അതു പരിഹരിക്കുന്നതിനുപകരം കുരിശുമാത്രം തകർത്തതിലാണ് ദുരൂഹതയും ആശങ്കയും.

കുരിശു തകർത്തതിന്റെ പിന്നിലുള്ള ശക്തികളെ വെളിച്ചത്തുകൊണ്ടുവരേണ്ടതുണ്ട്. ചില മാധ്യമങ്ങളും നിക്ഷിപ്തതാത്പര്യക്കാരും വർഗീയവാദികളും മതതീവ്രവാദികളുമൊക്കെ അതിന്റെ പിന്നിലുണ്ടെന്ന സംശയം ദൂരീകരിക്കാനുള്ള ഉത്തരവാദിത്വം സർക്കാരിനുണ്ട്. കുരിശു സ്ഥാപിച്ച് സ്ഥലം സ്വന്തമാക്കാനാണ് സ്ഥലം ഉടമ ശ്രമിച്ചതെങ്കിൽ അതു തെളിയിക്കപ്പെടണം. കുരിശിനെ മറയാക്കി ലാഭം കൊയ്യാൻ ആരെയും അനുവദിച്ചുകൂടാ.

കുരിശ് ക്രൈസ്തവർക്കു പൂജ്യവസ്തുവാണ്. കുരിശിനോട് അനാദരവ് കാണിക്കുന്നത് ക്രൈസ്തവരെ അപമാനിക്കുന്നതിനു തുല്യമാണ്. അത്തരം പ്രവർത്തനങ്ങൾ മതവികാരം ആളിക്കത്തിക്കുകയും സമാധാനാന്തരീക്ഷം തകർക്കുകയും ചെയ്യും. അതുകൊണ്ട് ഇത്തരം വിഷയങ്ങളിൽ സർക്കാർ തികഞ്ഞ അവധാനതയോടും ജാഗ്രതയോടും വിവേകത്തോടുംകൂടി ഇടപെടുകയും മതസ്വാതന്ത്ര്യത്തിന്റെയും മതമൈത്രിയുടെയും അന്തരീക്ഷം നിലനിർത്തുകയും വേണം.

കുരിശ് ക്രൈസ്തവരുടെ അടയാളവും ക്രൈസ്തവസാന്നിധ്യത്തിന്റെ സൂചനയുമാണ്. കുരിശ് ക്രൈസ്തവർക്കു രക്ഷയുടെയും പ്രത്യാശയുടെയും സന്ദേശമാണ് നൽകുന്നത്. കാരണം, യേശുവിന്റെ കുരിശുമരണം ലോകത്തിനു രക്ഷ കൊണ്ടുവന്നുവെന്നു ക്രൈസ്തവർ വിശ്വസിക്കുന്നു. യേശുവിന്റെ കുരിശുമരണത്തിനുമുമ്പ് കുരിശ് അപമാനത്തിന്റെ അടയാളമായി കരുതപ്പെട്ടിരുന്നു. കൊടുംകുറ്റവാളികളെ കൊല്ലാനുള്ള മാർഗമായിരുന്നു കുരിശുമരണം. രണ്ടു മരക്കഷണങ്ങൾ കൂട്ടിക്കെട്ടിയാണ് അന്നു കുരിശുണ്ടാക്കിയിരുന്നത്. രണ്ടു മരങ്ങളെക്കുറിച്ചു ബൈബിളിൽ പറയുന്നുണ്ട്. ഒന്ന്, നാശത്തിന്റെ മരമാണ്. ആദ്യമനുഷ്യർ വിലക്കപ്പെട്ട കനി ഭക്ഷിച്ച മരമാണത്. അങ്ങനെയാണ് ലോകത്തിൽ പാപമുണ്ടായത്. രണ്ടാമത്തേത് രക്ഷയുടെ മരമാണ്. അത് കാൽവരിക്കുന്നിൽ ഉയർത്തിയ മരമാണ്. ആ കുരിശിലാണ് യേശു മനുഷ്യരക്ഷയ്ക്കുവേണ്ടി ജീവൻ ഹോമിച്ചത്.

ക്രൈസ്തവർ ആദരവോടെ വന്ദിക്കുന്ന കുരിശിനെ ഇന്നു പലവിധത്തിൽ അപമാനിക്കുന്നു. സിനിമയിലും സീരിയലുകളിലും മറ്റു കഥാവിഷ്കാരങ്ങളിലും കുരിശിനെ അപഹാസ്യവിഷയമാക്കുന്നു. കുറ്റവാളികളും മദ്യപരും കൊലപാതകികളുമായ കഥാപാത്രങ്ങൾ കുരിശു ധരിക്കുകയും ആ കുരിശിനെ എടുത്തുകാണിക്കുകയും ചെയ്യുന്നത് ക്രൈസ്തവവിരുദ്ധതയുടെ ആവിഷ്കാരമായി കാണാതിരിക്കാനാവുകയില്ല. കുരിശിനെ മതവിരുദ്ധപ്രചാരണത്തിനുള്ള പ്രോപ്പർട്ടിയായി ഉപയോഗിക്കുന്ന രീതി അപലപനീയമാണ്. കുരിശു വന്ദിക്കാൻ ധാരാളം ഇടങ്ങൾ ഉണ്ടായിരിക്കെ ആൾപ്പാർപ്പില്ലാത്ത ഇടങ്ങളിൽ കുരിശു കൃഷി നടത്തുന്ന രീതി പ്രോത്സാഹനം അർഹിക്കുന്നില്ല.

■



*പാറേമ്മാക്കൽ ഗോവർണദോരുടെ 226-ാമത് ചരമവാർഷികത്തോടനുബന്ധിച്ച് അദ്ദേഹത്തിന്റെ കബറിടം സ്ഥിതിചെയ്യുന്ന രാമപുരം ഫൊറോനപ്പള്ളിയിൽ പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ കാർമികത്വത്തിൽ ഒപ്പീസ് ചൊല്ലി പ്രാർഥിക്കുന്നു.*

## ഗോവർണദോർ ചരമവാർഷികം



പാലാ: പാറേമ്മാക്കൽ ഗോവർണദോരുടെ 226-ാമത് ചരമവാർഷികവും സിമ്പോസിയവും പാലാ മാർ അപ്രേം സെമിനാരി ഹാളിൽ നടന്നു. കത്തോലിക്കാ കോൺഗ്രസ് രൂപതാപ്രസിഡന്റ് ഇമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ച യോഗം റവ. ഡോ. തോമസ് മണ്ണൂർ ഉദ്ഘാടനം ചെയ്തു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ മോഡറേറ്ററായിരുന്നു.

രൂപത ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം, ഫാ. മാണി കൊഴുപ്പൻകുറ്റി, ഫാ. സിറിൽ തയ്യിൽ, ജോയി കണിപറമ്പിൽ, ആൻസമ്മ സാബു, ജോൺസൻ ചെറുവള്ളി തുടങ്ങിയവർ സംസാരിച്ചു.

ബ്രദർമാരായ ജോൺ പോൾ മൂലയിൽ, ജോസഫ് കുമ്പയ്ക്കൽ, ജോസഫ് ചേരാടിക്കൽ, ജോസഫ് പുരയിടത്തിൽ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

നോമ്പുകാലചിന്തകൾ – 4



ഫാ. ഡോ. ജോസഫ് അരിമറ്റത്ത്

## മരുഭൂമിയനുഭവം സ്വന്തമാക്കാം

'കർത്താവ് നിന്നെ നിരന്തരം നയിക്കും; മരുഭൂമിയിലും നിനക്കു സമൃദ്ധി നൽകും. നിന്റെ അസ്ഥികളെ ബലപ്പെടുത്തും. നനച്ചുവളർത്തിയ പൂന്തോട്ടവും വറ്റാത്ത നീരുറവയും പോലെയാകും നീ.' (ഏശ. 58:11) ഉപവാസം വഴി ദൈവവഴികളിൽ തിരിച്ചെത്താൻ ആഗ്രഹിക്കുന്നവർക്ക് സ്വർഗം നൽകുന്ന ഉറപ്പാണിത്. ദൈവം നയിക്കുന്ന വഴികളിൽ മരുഭൂമികൾ വളർത്തലിന്റെ ഇടങ്ങളാണ്. ദൈവപരിപാലനയുടെ രഹസ്യങ്ങളും സ്വർഗത്തിന്റെ ശൈലികളും ഒളിപ്പിച്ചുവച്ചിരിക്കുന്ന പാഠശാലയാണത്. ആന്തരികത ശക്തിപ്പെടുന്ന ഇടങ്ങളാണ്. മരുഭൂമി ദൈവം തന്റെ ജനത്തിനായി സമൃദ്ധിയുടെ മേശയൊരുക്കിയ സ്ഥലമാണ്. മരുഭൂമിയിൽ ശത്രുക്കൾ പരാജയത്തിന്റെ പടുകുഴികളിൽ വീണ് സർവനാശമടഞ്ഞു.


കാനാൻദേശം സ്വന്തമാക്കാൻ ദൈവം ഇസ്രയേലിനെ പരുവപ്പെടുത്തിയത് മരുഭൂമിയനുഭവത്തിലൂടെയാണ്. ഹൃദയത്തിൽ ദൈവത്തോടുള്ള അടുപ്പവും പുറത്ത് മനുഷ്യനോടുള്ള ബന്ധവും ഇസ്രയേൽ സ്വന്തമാക്കിയത് മരുഭൂമിയിലെ അവരുടെ ജീവിതാനുഭവങ്ങളിലൂടെയാണ്. ലോകവുമായുള്ള നമ്മുടെ ഇടപാടുകളിൽ ദൈവത്തോടു ചേർന്ന് പുറപ്പാടിന്റെ ചൈതന്യം പേറുന്ന ജനമായി മാറാൻ നോമ്പുകാലം നമ്മെ ഒരുക്കുകയാണ്. നോമ്പിലൂടെ നാം സ്വന്തമാക്കുന്ന മരുഭൂമിയനുഭവങ്ങൾ സ്വയം തിരിച്ചറിയാനുള്ള മാർഗങ്ങളാണ്. പടർന്നുപന്തലിക്കേണ്ട ദൈവരാജ്യത്തിന്റെ വിത്തിനെ ദൈവം കാത്തുപരിപാലിക്കുന്നതും നട്ടുവളർത്തുന്നതും ഈ മരുഭൂമിയനുഭവത്തിലൂടെയാണ്. ഈ ലോകജീവിതത്തിൽ കുറേക്കൂടി ശ്രേഷ്ഠതയോടെ ജീവിക്കാൻ ഒരു ശുദ്ധീകരണപ്രക്രിയയ്ക്കു നമുക്കു നമ്മെത്തന്നെ വിട്ടുകൊടുക്കാം.

Deepanalam Weekly

RNI No : 16998/68
Vol. 58 No. 5 Date of Publication 27 March 2025
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment

# രക്ഷയുടെ ചെറിയ പ്രേഷിതർ
## (Little Apostles of Redemption-L.A.R.)
### നിങ്ങളെ സ്വാഗതം ചെയ്യുന്നു



ദൈവദാസൻ
ഫാ. അർത്തൂറോ ദൊണോഫ്രിയോ
(ഇറ്റലി)
(സ്ഥാപകൻ)
(1914–2006)

*"ഈ ചെറിയവരിൽ ഒരുവനു നിങ്ങൾ ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാണു ചെയ്തത്" (മത്താ. 25:40)*

**നേടാനുള്ള പടയോട്ടങ്ങൾക്കിടയിൽ എല്ലാം നഷ്ടപ്പെടുത്തുവാൻ...!**
**ലോകത്തിന്റെ ബഹുമതിയെക്കാൾ അതിന്റെ നിന്ദനങ്ങൾ ഇഷ്ടപ്പെടുവാൻ...!!**
**ഉള്ളിൽ പകർന്നുനൽകിയ ഉണ്മയെ കൂടുതൽ തിളക്കമേറ്റി തിരിച്ചുനൽകാൻ...!!!**

സമർപ്പിതസേവനത്തിലൂടെ ക്രിസ്തുവിന്റെ മിഷനറിയായി കുഞ്ഞുങ്ങൾക്കും വൃദ്ധമാതാപിതാക്കൾക്കും ആരോരുമില്ലാത്തവർക്കും അംഗവൈകല്യമുള്ളവർക്കും കുരിശിൽ പൂർത്തിയാക്കപ്പെട്ട സ്നേഹം പകർന്നുകൊടുക്കുവാൻ താത്പര്യമുള്ള കുഞ്ഞനുജത്തിമാരെ **രക്ഷയുടെ ചെറിയ പ്രേഷിതർ (L.A.R)** എന്ന സന്ന്യാസിനീസമൂഹം സ്വാഗതം ചെയ്യുന്നു.

1949 ൽ ഫാ. അർത്തൂറോ ദൊണോഫ്രിയോ ഇറ്റലിയിൽ സ്ഥാപിച്ച ഈ സന്ന്യാസിനീസമൂഹം ഇപ്പോൾ ഇറ്റലി, കൊളമ്പിയ, സാൽവദോർ, ഗ്വാട്ടിമാല, ഇന്ത്യ, മെക്സിക്കോ, ഈസ്റ്റ് തിമോർ, മഡഗാസ്കർ, ഹോണ്ടുറാസ് എന്നിവിടങ്ങളിൽ പ്രേഷിതപ്രവർത്തനം നടത്തിവരുന്നു. ഇന്ത്യയിൽ പ്രധാനമായും കേരളത്തിൽ പാലാ രൂപതയിൽ മണ്ണയ്ക്കനാട്ടും പാലായിൽ കിഴതടിയൂരും, വാക്കാട് ഇടവകയിലും ഇടുക്കി ജില്ലയിൽ വാഴത്തോപ്പ് ഇടവകയിലും (04862-235428) സമൂഹത്തിന്റെ ശാഖാഭവനങ്ങൾ പ്രവർത്തിക്കുന്നു. ദൈവത്തിനും ദൈവജനത്തിനുംവേണ്ടി വിവിധ പ്രവർത്തനങ്ങളിലൂടെ പ്രതിഷ്ഠിതസേവനം അനുഷ്ഠിക്കാൻ ആഗ്രഹിക്കുന്ന കുഞ്ഞനുജത്തിമാർ **ഉടൻ ഞങ്ങൾക്കെഴുതുക**

| | |
|---|---|
| Vocation Promoter<br>L.A.R. Convent<br>Mannackanad P.O.<br>Kuravilangad - 686 633<br>Phone: 04822-251086 | Vocation Promoter<br>L.A.R. Convent<br>PALA - P.O. 686 575<br>Kizhathadiyoor<br>Phone: 04822-215137 |



# നിന്റെ കരം എന്നും മുറുകെപ്പിടിക്കുന്ന ഈശോ നിന്നെ വിളിക്കുന്നു
## കർമ്മലമാതാവിന്റെ സന്ന്യാസിനീസമൂഹത്തിലേക്ക്





വി. ചാവറ കുര്യാക്കോസ് ഏലിയാസ്



വി. എവുപ്രാസ്യാമ്മ

### CMC യിലേക്കു സ്വാഗതം



ദൈവദാസി മേരി സെലിൻ

- വി. ചാവറയച്ചനാൽ 1866 ൽ സ്ഥാപിതം
- വി. എവുപ്രാസ്യാമ്മയെയും ദൈവദാസി മേരി സെലിനാമ്മയെയും ലോകത്തിനു സമ്മാനിച്ച സന്ന്യാസസമൂഹം.
- കേരളത്തിലെ ആദ്യത്തെ സന്ന്യാസിനീസമൂഹം.








**പ്രേഷിതമേഖലകൾ**

• വിദ്യാഭ്യാസം • ആതുരസേവനം • കുടുംബം • ഇടവക • സാമൂഹികസേവനം • അഗതിസംരക്ഷണം • വചനപ്രഘോഷണം • മാധ്യമരംഗം • സ്ത്രീശക്തീകരണം





എസ്.എസ്.എൽ.സി./+2 /ഉപരിവിദ്യാഭ്യാസയോഗ്യതയുള്ള കൊച്ചുസഹോദരിമാർക്ക്
**സി.എം.സി.യിലേക്കു സ്വാഗതം!**

**Vocation Promoter, Carmelite Provincial House**
**St. Thomas Press Road, PALA**
**Ph: 8547715192**

# കൊട്ടത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ
## ചപ്പാത്ത്, അയർക്കുന്നം കോട്ടയം

Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com



- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ
- (ആനോ–റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യരോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

# മേരി ഇമ്മാക്കുലേറ്റ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് (M.I.S.I)
## യുവതികൾക്കു സ്വാഗതം



ഭൗതികതയുടെയും സുഖലോലുപതയുടെയും ഈ കാലഘട്ടത്തിൽ ജീവിതത്തിന്റെ വെല്ലുവിളികളെ ധീരതയോടെ ഏറ്റെടുത്തുകൊണ്ട് ലോകത്തിൽ ഒരു പുളിമാവായി വർത്തിക്കാൻ സഹോദരിക്കു കഴിയുമോ? എങ്കിൽ... ഹൃദയപൂർവം നിന്നെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു.

നിരന്തരം മാറ്റങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുന്ന ആധുനികലോകത്തിലെ ഏറ്റവും പുതിയ സമർപ്പിതസമൂഹമാണ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകൾ. 1962 ൽ റവ. ഫാ. അഗസ്റ്റിൻ ചിലമ്പിക്കുന്നേൽ പാലായിൽ സ്ഥാപിച്ചതാണ് ഈ സമൂഹം. പാലാ, കാഞ്ഞിരപ്പള്ളി രൂപതകളിലായി ഏഴു ഭവനങ്ങൾ ഈ സമൂഹത്തിനുണ്ട്.

അധ്യാപനം, ആതുരശുശ്രൂഷ, ഭവനസന്ദർശനം, ജയിൽപ്രേഷിതത്വം, ഇടവകപ്രവർത്തനങ്ങൾ, ഹോസ്റ്റൽ തുടങ്ങിയവയാണ് പ്രധാന പ്രവർത്തനമേഖലകൾ. വിവിധ പ്രേഷിതപ്രവർത്തനമേഖലകളിലൂടെ ക്രിസ്തീയമൂല്യങ്ങളും ആധ്യാത്മികതയും പടുത്തുയർത്താൻ കാല–ദേശ–സംസ്കാരങ്ങൾക്കു ചേർന്ന വേഷവിധാനങ്ങളോടെ സ്നേഹത്തിന്റെയും സേവനത്തിന്റെയും വിനയത്തിന്റെയും വിശുദ്ധിയുടെയും സന്ദേശം പകർന്നുനൽകുകയാണ് കർത്താവിന്റെ ഈ ദാസിമാർ.

ഈ സമൂഹത്തിൽ ചേരാൻ താത്പര്യമുള്ള 35 ൽ താഴെ പ്രായമുള്ള എസ്.എസ്.എൽ.സിയോ, +2 വോ വിദ്യാഭ്യാസയോഗ്യതയുള്ള യുവതികൾ താഴെക്കാണുന്ന അഡ്രസിൽ ഉടൻ ബന്ധപ്പെടുക

**Vocation Promoter**
**MARY IMMACULATE SECULAR INSTITUTE**
**Legion Home Generalate, Pala - 686 575**
**Ph : 04822-211268, 8590763319**

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org